No. 1150

# നവീനഗണിതസാരം

## ഒന്നാംപുസ്തകം

...RUL ISLAM HIGH SCHOOL
1732
ERNAKULAM
M. M. I. V. P. S.

ടി. പി. വൎഗ്ഗീസ്.

No. 1150

# NAVEENA GANITHA SARAM

## BOOK I *for* CLASS I

BY

T. P. VERGHESE M. A. B. Paed, (Toronto), L. T.,

*Retired Principal, Government Training Institution, Cochin State, Trichur.*

# നവീനഗണിതസാരം

## ഒന്നാം പുസ്തകം

ഒന്നാം ക്ലാസ്സിലേക്ക്.

ഗ്രന്ഥകർത്താ:

ടി. പി. വർഗ്ഗീസ്സ്, എം. എ. ബി. പേഡ് എൽ. ടി.

(റിട്ടയേർഡ് പ്രിൻസിപ്പാൾ, ഗവർമ്മെണ്ട് ട്രെയിനിംഗ് ഇൻസ്റ്റിററ്യൂഷൻ, തൃശ്ശൂർ.)

*ADVANCE COPIES.*

വില 5ണ 2പ.] 1948/1123 [Price 0 - 5 - 2.

# SYLLABUS
## FIRST STANDRAD

1. Ideas of the first ten numbers to be imparted by actual presentation of groups of similar objects.
2. Detailed treatment of numbers from 1 to 10. Composition and decomposition of numbers, e. g. $6 = 5 + 1 = 4 + 2 = 3 + 3 = 2 + 2 + 2$ etc.
3. Counting a given number of things not exceeding 100. Counting backwards and forwards between 1 and 100 by tens, fives and twos.
4. Addition tables.
5. Notation and numberation up to 100.
6. Sample addition of numbers of not more than two digits, the number of lines not to exceed 5 and the result not to exceed 100.
7. Subtraction of numbers not exceeding 100 each digit of the subtrahend being less than the corresponding digit of the minuend.
8. Mental addition up to 20 and corresponding subtraction.
9. Multiplication as repeated addition, to be taught with reference to concrete objects, up ro 5 times 5.

N. B:— In problems the writing of steps is not expected nor should they involve more than one operation or more than one rule.

# വിഷയവിവരം.

—o—


| അദ്ധ്യായം | | ഭാഗം |
|---|---|---|
| ൧. | 1 മുതൽ 10 വരെ എണ്ണങ്ങൾ | 1 |
| ൨. | 1 മുതൽ 10 വരെ എണ്ണങ്ങൾ (തുടൎച്ച) | 18 |
| ൩. | 16 മുതൽ 20 വരെ എണ്ണങ്ങൾ | 53 |
| ൪. | 11 മുതൽ 100 വരെ എണ്ണങ്ങളെ പിരിച്ചു ചേൎക്കുക | 55 |
| ൫. | 20 മുതൽ 100 വരെ പതിന്മടങ്ങുകൾ | 75 |
| ൬. | 20 മുതൽ 100 വരെ എണ്ണങ്ങൾ | 79 |
| ൭. | സങ്കലനം | 83 |
| ൮. | വ്യവകലനം | 90 |
| ൯. | ഗുണനം | 96 |
| ൧൦. | 1 മുതൽ 100 വരെ എണ്ണങ്ങൾ | 102 |
| ൧൧. | ചോദ്യക്കടലാസ്സുകൾ | 105 |


—o—

N. G. V. P. School.

# നവീന ഗണിതസാരം

## ഒന്നാംപുസ്തകം.

### അദ്ധ്യായം 1.

1 മുതൽ 10 വരെ എണ്ണങ്ങൾ.

അഭ്യാസം 1.

1 ഇതു് എത്ര മാമ്പഴം?  1

2. ഇതു് എത്ര പമ്പരം?  1

3. ഇതു് എത്ര താക്കോൽ?  1

4. ഇതു് എത്ര കുട?  1

5. ഇതു് എത്ര പന്തു്?  1

അദ്ധ്യാപകൻ മേൽപറഞ്ഞ ഓരോ സാധനം എടുത്തു കാണിച്ചു് ചോദ്യം ചോദിച്ചു് ഉത്തരം പറയിക്കണം. അതിനുശേഷം '1' എന്ന അക്കം ചിത്രത്തോടുകൂടി കറുപ്പുപലകമേൽ എഴുതിക്കാണിക്കണം.

## അഭ്യാസം 2.

1. ഒരു കുട എടുത്തു കാണിക്കുക.
2. അമ്മു! ഒരു സ്ലേറ്റു തരൂ.
3. കറുപ്പുപലകമേൽ ഒരു വര വരയ്ക്കുക
4. ഒരു പുസ്തകം എടുക്കുക.
5. മേശപ്പുറത്തുനിന്നു് ഒരു പന്തു് എടുക്കൂ

ബോർഡിന്മേൽ എഴുതുക: **1**

## അഭ്യാസം 3

1. എത്ര മാമ്പഴം?  **2**
2. എത്ര പമ്പരം?  **2**
3. എത്ര താക്കോൽ?  **2**
4. എത്ര കുട?  **2**
5. എത്ര പന്തു്?  **2**

മുൻ അഭ്യാസത്തിൽ **1** എന്ന അക്കം പഠിപ്പിച്ചതുപോലെ "**2**" എന്ന അക്കവും പഠിപ്പിക്കുക.

## അഭ്യാസം 4.

1. രാമാ! രണ്ടു പന്തെടുത്തു് മേശപ്പുറത്തു വയ്ക്കുക.

2 സീത രണ്ടു താക്കോൽ എടുത്തു് അമ്മുവിനു് കൊടുക്കുക.

3 ബാലൻ ഒരു കുടയെടുത്തു് വലത്തു കയ്യിൽ പിടിക്കുക.

4. ലീലേ! ബോർഡിന്മേൽ രണ്ടു വര വരയ്ക്കുക

6. തങ്കം മേശപ്പുറത്തുനിന്നു് രണ്ടു പന്തെടുത്തു് കമലത്തിനു കൊടുക്കുക.

ബോർഡിന്മേൽ എഴുതുക: **1. 2.**

അഭ്യാസം 5.

1. എത്ര മാമ്പഴം?  **3**

2. എത്ര പമ്പരം?  **3**

3. എത്ര താക്കോൽ?  **3**

4. എത്ര കുട?  **3**

5. എത്ര പന്തു്?  **3**

മുൻ അഭ്യാസങ്ങളിൽ **1 2** പഠിപ്പിച്ചതു പോലെ '**3**' എന്ന അക്കവും പഠിപ്പിക്കുക.

അഭ്യാസം 6.

1. രാമാ, ഈ പെട്ടിയിൽനിന്നു് ഒരു പന്തെടുത്തു് മേശപ്പുറത്തു വയ്ക്കുക.

2. തങ്കം ഈ പെട്ടിയിൽ നിന്നു് 2 പന്തെടുത്തു് മേശപ്പുറത്തു വയ്ക്കുക.

3. ഇപ്പോൾ മേശപ്പുറത്തു് എത്ര പന്തുണ്ടെന്നു് ലീല പറയട്ടെ.


4. ബോർഡിന്മേൽ 3 വരകൾ അപ്പു വരക്കട്ടെ.

5. കുട്ടൻ 3 പന്തെടുത്തു് അമ്മുവിനു് കൊടുക്കു.

6. ബാലൻ 3 വരകൾ സ്ലേറ്റിൽ വരയ്ക്കു. അതുപോലെ എല്ലാവരും 3 വരകൾ സ്ലേറ്റിൽ വരയ്ക്കു.

ബോർഡിന്മേൽ എഴുതുക. **1. 2. 3.**

## അഭ്യാസം 7.



1. എത്ര മാമ്പഴം ? 4
2. എത്ര പമ്പരം ? 4
3. എത്ര താക്കോൽ ? 4
4. എത്ര കുട ? 4
5. എത്ര പന്തു് ? 4

## അഭ്യാസം 8.

1. കുട്ടൻ ഒരു കുടയെടുത്തു മേശപ്പുറത്തു വയ്ക്കു

2. തങ്കം 2 കുടയെടുത്തു മേശപ്പുറത്തു വയ്ക്കു.

3. ഇപ്പോൾ മേശപ്പുറത്തു് എത്ര കുടയുണ്ടെന്നു് അപ്പു പറയട്ടെ.

4. മാധവി ഒരു കടലാസ്സെടുത്തു മേശപ്പുറത്തു വയ്ക്കും.

5. ഇപ്പോൾ മേശപ്പുറത്തു് എത്ര കടലാസ്സുണ്ടെന്നു് അപ്പുക്കുട്ടൻ പറയട്ടെ.

6. രാമൻ 4 പന്തു് എടുത്തു ലീലയ്ക്കു കൊടുക്കും.

7. ലീലയുടെ കയ്യിൽ എത്ര പന്തു് ഉണ്ടെന്നു് മാധവി പറയട്ടെ.

8. ഞാൻ ബോർഡിന്മേൽ 2 വര വരയ്ക്കാം.

9. തങ്കം ബോർഡിന്മേൽ 2 വര വരയ്ക്കും.


10. ഇപ്പോൾ ബോർഡിന്മേൽ എത്ര വരകളുണ്ടെന്നു കുട്ടൻ പറയട്ടെ.

ബോർഡിന്മേൽ എഴുതുക: **1. 2. 3. 4.**

## അഭ്യാസം 9.

1. എത്ര മാമ്പഴം?  5

2. എത്ര പമ്പരം?  5

3. എത്ര താക്കോൽ?  5

4. എത്ര കുട?  5

5. എത്ര പന്തു്?  5


## അഭ്യാസം 10.

1· ലക്ഷ്മി ഒരു പമ്പരമെടുത്തു മേശപ്പുറത്തുവയ്ക്കും. ജാനു ഒരു പമ്പരമെടുത്തു മേശപ്പുറത്തുവയ്ക്കും. ഇപ്പോൾ മേശപ്പുറത്തു് എത്ര പമ്പരമുണ്ടെന്നു തങ്കം പറയട്ടെ

2. അപ്പു ഒരു പന്തെടുത്തു് കുട്ടനു കൊടുക്കും. ഗോപി 2 പന്തെടുത്തു് കുട്ടനു കൊടുക്കും. ഇപ്പോൾ കുട്ടന്റെ കൈയിൽ എത്ര പന്തുണ്ടെന്നു് അപ്പുക്കുട്ടൻ പറയട്ടെ.

3 ജാനു ഈ പെട്ടിയിൽനിന്നു് 3 താക്കോൽ എടുക്കും തങ്കം ഒരു താക്കോൽ എടുത്തു് ജാനുവിനു കൊടുക്കും. ഇപ്പോൾ ജാനുവിന്റെ കൈയിൽ എത്ര താക്കോൽ ഉണ്ടെന്നു് മീനാക്ഷി നോക്കി പറയട്ടെ.

4· ശങ്കരൻ ബോർഡിന്മേൽ 4 വര വരയ്ക്കും. ഗോപി ബോർഡിന്മേൽ ഒരു വര വരക്കും ഇപ്പോൾ ബോർഡിന്മേൽ, എത്ര വരയുണ്ടെന്നു് കൊച്ചപ്പൻ പറയട്ടെ·



5· ഈ ചിത്രത്തിൽ കാണുന്ന കോണിയ്ക്കു് എത്ര പടികൾ ഉണ്ടെന്നു് ലക്ഷ്മി പറയൂ.

6· തങ്കം 5 പന്തെടുത്തു് 2 എണ്ണം മാധവിയ്ക്കും ബാക്കിയുള്ളതു് മേറിയ്ക്കും കൊടുക്കും· ഇപ്പോൾ മേറിയുടെ കൈയിൽ എത്ര പന്തുണ്ടെന്നു് ഗോപി പറയട്ടെ. മാധവിയുടെ കൈയിൽ എത്ര പന്തുണ്ടെന്നു് നാണു പറയട്ടെ.

ബോർഡിന്മേൽ എഴുതുക **1· 2· 3· 4· 5·**

## അഭ്യാസം 11.



1. എത്ര മാമ്പഴം? 6
2. എത്ര പമ്പരം? 6
3. എത്ര താക്കോൽ? 6
4. എത്ര കുട? 6
5. എത്ര പന്തു? 6

## അഭ്യാസം 12.

1 കമലം ഒരു പന്തെടുത്തു് ലക്ഷ്മിയ്ക്കു കൊടുക്കൂ. ലീല ഒരു പന്തെടുത്തു് ലക്ഷ്മിക്കു് കൊടുക്കൂ. ഇപ്പോൾ ലക്ഷ്മിയുടെ കയ്യിൽ എത്ര പന്തുണ്ടെന്നു രത്നം നോക്കി പറയട്ടെ.

2. അച്യുതൻ 2 താക്കോൽ എടുത്തു് മേശപ്പുറത്തു വയ്ക്കൂ. ശങ്കരൻ ഒരു താക്കോലെടുത്തു് മേശപ്പുറത്തു വയ്ക്കൂ. ഇപ്പോൾ മേശപ്പുറത്തു് എത്ര താക്കോൽ ഉണ്ടെന്നു് കമലം പറയൂ.

3. ഞാൻ ബോർഡിന്മേൽ 3 വര വരയ്ക്കാം. തങ്കം ബോർഡിന്മേൽ ഒരു വര വരക്കൂ. ഇപ്പോൾ ബോർഡിന്മേൽ എത്ര വരയുണ്ടെന്നു് അമ്മു പറയട്ടെ.

4. ലക്ഷ്മി മേശപ്പുറത്തുനിന്നു് 2 പന്തെടുക്കൂ അപ്പു ആ പെട്ടിയിൽനിന്നു് 2 പന്തെടുത്തു് ലക്ഷ്മിയ്ക്കു

കൊടുക്കു. ഇപ്പോൾ ലക്ഷ്മിയുടെ കയ്യിൽ എത്ര പന്തുണ്ടെന്നു് ഗോപിനാഥൻ നോക്കി പറയൂ.

5. കമലം 3 കുടയെടുത്തു ലില്ലിയ്ക്കു കൊടുക്കു ജാനു 2 കുടയെടുത്തു ലില്ലിയ്ക്കു കൊടുക്കു. ഇപ്പോൾ ലില്ലിയുടെ കയ്യിൽ എത്ര കുടയുണ്ടെന്നു മേരി പറയൂ.

6. ഞാൻ മേശപ്പുറത്തു 4 ഗോലി വയ്ക്കാം. തങ്കം ഒരു ഗോലി എടുത്തു മേശപ്പുറത്തു വയ്ക്കു. ഇപ്പോൾ മേശപ്പുറത്തു് എത്ര ഗോലിയുണ്ടെന്നു് ആർക്കു പറയുവാൻ കഴിയും? അപ്പു പറയൂ

7. കുട്ടന്റെ വലത്തെ കൈ കാണിയ്ക്കൂ. അതിൽ എത്ര വിരലുകൾ ഉണ്ടു്?

8. അമ്മു 5 പന്തെടുത്തു് അന്തോണിക്കുട്ടിയ്ക്കു കൊടുക്കു ലീല ഒരു പന്തെടുത്തു് അന്തോണിക്കുട്ടിയ്ക്കു കൊടുക്കു. ഇപ്പോൾ അന്തോണിക്കുട്ടിയുടെ കൈയിൽ എത്ര പന്തുണ്ടെന്നു മറിയക്കുട്ടി പറയട്ടെ.

9 കുട്ടൻ 2 സ്ലേറ്റുപെൻസിൽ എടുത്തു മേശപ്പുറത്തു വയ്ക്കൂ. കൊച്ചപ്പൻ 4 സ്ലേറ്റുപെൻസിൽ എടുത്തു മേശപ്പുറത്തു വയ്ക്കൂ. ഇപ്പോൾ മേശപ്പുറത്തു് എത്ര സ്ലേറ്റുപെൻസിൽ ഉണ്ടെന്നു് എലിസബത്തു പറയട്ടെ.

10. ഗോപി, ബാലൻ, കുട്ടൻ നിങ്ങൾ മൂന്നു പേരും വരൂ. ഗോപി 2 പന്തെടുത്തു് ഉണ്ണിയ്ക്കു കൊടുക്കൂ. ബാലൻ 2 പന്തെടുത്തു് ഉണ്ണിക്കു കൊടുക്കൂ. കുട്ടനും 2 പന്തെടുത്തു് ഉണ്ണിക്കു കൊടുക്കൂ. ഇപ്പോൾ ഉണ്ണിയുടെ കയ്യിൽ എത്ര പന്തുണ്ടെന്നു കൊച്ചുകുട്ടൻ നോക്കി പറയട്ടെ.

11. ശങ്കരൻ ആ പെട്ടിയിൽനിന്നു് 6 കടലാസ്സുപെൻസിൽ എടുക്കുക. അതിൽനിന്നു് ഒരു പെൻസിൽ കുട്ടനും 2 പെൻസിൽ അപ്പുവിന്നും കൊടുക്കുക. ഇപ്പോൾ ശങ്കരൻവശം എത്ര കടലാസ്സുപെൻസിൽ ഉണ്ടെന്നു ലീല നോക്കി പറയൂ,

ബോർഡിന്മേൽ എഴുതുക: 1. 2. 3. 4. 5. 6.

## അഭ്യാസം 13.

1. എത്ര മാമ്പഴം?  7

2. എത്ര പമ്പരം?  7

3. എത്ര താക്കോൽ?  7

4. എത്ര കുട?  7

5. എത്ര പന്തു്?  7

## അഭ്യാസം 14.

1. കുട്ടൻ ഈ പെട്ടിയിൽനിന്നു് ഒരു പന്തെടുത്തു് മേശപ്പുറത്തു വയ്ക്കുക. കുട്ടപ്പൻ 2 പന്തെടുത്തു മേശപ്പുറത്തു വയ്ക്കുക. ഇപ്പോൾ മേശപ്പുറത്തു് എത്ര പന്തുണ്ടെന്നു കൊച്ചുകുട്ടൻ പറയൂ.


2. ഞാൻ 2 വര ബോർഡിന്മേൽ വരയ്ക്കാം. തങ്കവും 2 വര ബോർഡിന്മേൽ വരയ്ക്കുക. ഇപ്പോൾ ബോർഡിന്മേൽ എത്ര വരയുണ്ടു്? ലക്ഷ്മി പറയൂ.

3. തങ്കം, ലീല, ലക്ഷ്മി, അമ്മു, പാറു നിങ്ങൾ അഞ്ചുപേരും വരൂ. നിങ്ങൾ ഓരോരുത്തരും ആ പെട്ടിയിൽനിന്നു് ഓരോ ഗോലിവീതം എടുത്തു മേശപ്പുറത്തു വയ്ക്കൂ. ഇപ്പോൾ മേശപ്പുറത്തു് എത്ര ഗോലിയുണ്ടെന്നു് ഓമന പറയട്ടെ.


4. എന്റെ വലത്തെ കയ്യിൽ 2 കുരുവുണ്ടു്. ഇടത്തു കയ്യിൽ 3 കുരുവുണ്ടു്. ഞാൻ ഈ കുരുക്കൾ എല്ലാം ഗോപിക്കു കൊടുക്കുന്നു. ഇപ്പോൾ ഗോപിയുടെ കൈയിൽ എത്ര കുരുവുണ്ടെന്നു ലീല പറയൂ.

5. അപ്പു ആ പെട്ടി തുറന്നു് 5 പമ്പരമെടുത്തു് മേശപ്പുറത്തു വയ്ക്കൂ. ലില്ലി ഒരു പമ്പരമെടുത്തു മേശപ്പുറത്തു വയ്ക്കൂ. ഇപ്പോൾ മേശപ്പുറത്തു് എത്ര പമ്പരമുണ്ടെന്നു മേറി പറയൂ.

6. നിങ്ങൾക്കു കിണ്ണംകളി അറിയുകയില്ലേ? അതിന്റെ ഒരു ചിത്രം ഞാൻ ബോർഡിന്മേൽ വരയ്ക്കാം. എത്ര കിണ്ണം വരച്ചിട്ടുണ്ടെന്നു കൊച്ചപ്പൻ പറയൂ.




7. ഞാൻ നിലത്തു് ഒരു വൃത്തം വരയ്ക്കാം. അതിനു ചുറ്റും പുറമേ 6 പന്തു വയ്ക്കുന്നു. അപ്പുക്കുട്ടൻ വന്നു് എല്ലാ പന്തുകളും എടുത്തു് വൃത്തത്തിനുള്ളിൽ വയ്ക്കൂ. ഇപ്പോൾ വൃത്തത്തിനുള്ളിൽ എത്ര പന്തുണ്ടെന്നു് അമ്മു പറയട്ടെ.




8. എല്ലാവരും നോക്കുവിൻ! ഈ പെട്ടിയ്ക്കകത്തു ചതുരക്കട്ടകൾ ആകുന്നു. ലക്ഷ്മി വന്നു് ഇതിൽനിന്നു് 4 കട്ടയെടുത്തു മീതെയ്ക്കുമീതെ വയ്ക്കും. മേരി വന്നു് വേറെ 2 കട്ടയെടുത്തു ലക്ഷ്മി വച്ചതിൻ മീതെ വയ്ക്കും. ഇപ്പോൾ എത്ര ചതുരക്കട്ടകൾ വച്ചിരിക്കുന്നു എന്നു ജാനു പറയൂ.



9. ഞാൻ ബോർഡിന്മേൽ ചതുരക്കട്ടകൾ വച്ചതിന്റെ ഒരു ചിത്രം വരയ്ക്കാം. എത്ര ചതുരക്കട്ടകൾ വച്ചിരിക്കുന്നു എന്നു വിജയൻ പറയൂ.




10. ചതുരക്കട്ടകൾ വച്ചതിന്റെ വേറൊരു ചിത്രം ബോർഡിന്മേൽ വരയ്ക്കാം. ചിത്രം നോക്കി എത്ര ചതുരക്കട്ടകൾ ഉണ്ടെന്നു് അമ്മാളു പറയൂ.



11. എല്ലാവരും ബോർഡിന്മേൽ നോക്കൂ. ചതുരക്കട്ടകൾ വച്ചതിന്റെ വേറൊരു ചിത്രം വരയ്ക്കാം. എത്ര ചതുരക്കട്ടകൾ വച്ചിരിക്കുന്നു എന്നു മറിയക്കുട്ടി പറയൂ.

12. നമ്മുടെ ക്ലാസ്സുമുറി ഇഷ്ടികവിരിച്ചതല്ലേ! ഓരോ ഇഷ്ടികമേൽ ഞാൻ കുന്നിക്കുരു വയ്ക്കാം. ഓരോന്നിലും എത്ര കുന്നിക്കുരു ഉണ്ടെന്നു് അപ്പു പറയട്ടെ.



ബോർഡിന്മേൽ എഴുതുക:—


**1. 2. 3. 4. 5. 6. 7.**

## അഭ്യാസം 15.

1. എത്ര മാമ്പഴം?  **8**

2. എത്ര പമ്പരം?  **8**

3. എത്ര താക്കോൽ?  **8**

4. എത്ര കുട?  **8**

5. എത്ര പന്തു്?  **8**

## അഭ്യാസം 16.


1. ഇതാ ഒരു ചെപ്പു് കുന്നിക്കുരു. ഞാൻ നിലത്തു് ചോക്കുകൊണ്ടു് ചില അക്കങ്ങൾ

| | | | | | |
|---|---|---|---|---|---|
| | | | | | |
| 7 | 5 | 3 | 8 | 6 | 4 |


എഴുതാം. ഓരോ അക്കത്തിനു നേരെ മുകളിൽ അതു

സൂചിപ്പിക്കുന്ന എണ്ണം കുന്നിക്കുരു വച്ചു് ലീല കാണിക്കും.


2. ഞാൻ ചതുരക്കട്ടകൾ വച്ചിരിക്കുന്നതിന്റെ ചിത്രങ്ങൾ വരയ്ക്കാം, ഓരോന്നിലും എത്ര ചതുരക്കട്ടകൾ ഉണ്ടെന്നു് ഓരോരുത്തരായി പറയുവിൻ.



3. താഴെ കാണുന്നവ ചതുരക്കട്ടകൾ വച്ചിരിക്കുന്നതിന്റെ ചിത്രങ്ങൾ ആകുന്നു. ഓരോ ചിത്രത്തിലും എത്ര ചതുരക്കട്ടകൾ ഉണ്ടെന്നു് ഓരോരുത്തരായി പറയുവിൻ.




4 ഇതാ നോക്കുവിൻ! തീപ്പെട്ടിക്കോലുപോലെയുള്ള ചെറിയ കോലുകൾ. അമ്മു ഇതിൽനിന്നു് 4 എണ്ണം എടുത്തു തരും. അമ്മു തന്നിട്ടുള്ള കോലു




കൾകൊണ്ടു് ഞാൻ ഒരു ചിത്രം ഉണ്ടാക്കാം. ചിത്രം ഉണ്ടാക്കുവാൻ ഞാൻ ഉപയോഗിച്ച കോലുകൾ എത്രയെന്നു് തങ്കം പറയൂ.

5. താഴെ കാണുന്ന ഓരോ ചിത്രത്തിലും എത്ര കോലുകൾ വീതം വച്ചിരിക്കുന്നു എന്നു് ആദ്യം അമ്മു പറയൂ. പിന്നെ അമ്മാളു പറയൂ.





6. നിങ്ങൾ കുപ്പിവളകൾ കണ്ടിട്ടില്ലേ? ഇതാ ഈ പെട്ടി നിറയെ വളകൾ ഉണ്ടു്, ഞാൻ ഈ വളകൾകൊണ്ടു് പല രൂപങ്ങളും ഉണ്ടാക്കി കാണിച്ചുതരാം. ഓരോ രൂപത്തിലും എത്ര വളകൾ വീതം ഉണ്ടെന്നു് തങ്കം മുതൽ മുറയ്ക്കു് ഓരോരുത്തരായി പറയുവിൻ.



ബോർഡിന്മേൽ എഴുതുക:

**1. 2. 3. 4. 5. 6. 7. 8.**

## അദ്ധ്യായം 17.




1. എത്ര മാമ്പഴം? 9
2. എത്ര പമ്പരം? 9
3. എത്ര താക്കോൽ? 9
4. എത്ര കുട? 9
5. എത്ര പന്തു്? 9

## അദ്ധ്യായം 18




1 നിങ്ങൾ ഈ പെട്ടിയിൽ നിന്നു് 3 കോലെടുക്കുക. ഞാൻ ഉണ്ടാക്കിയതുപോലെ നിങ്ങളും ആ കോലുകൾകൊണ്ടു് ഒരു കോടിയുടെ ആകൃതി ഉണ്ടാക്കുക. ഇപ്പോൾ കോടിയുടെ രൂപം ഉണ്ടാക്കുവാൻ എത്ര കോലുകൾ നിങ്ങൾ ഉപയോഗിച്ചു എന്നു് അമ്മു പറയൂ




2. ചിത്രത്തിൽ കാണുന്നതു് ഒരു വിറകിയുടെ ആകൃതിയാകുന്നു. അതിൽ എത്ര കോലുകൾ ഉണ്ടെന്നു് നാണു പറയട്ടെ.

3. നമുക്കു് കളിസ്ഥലത്തേയ്ക്കു പോകാം. വട്ടമാസ്സ് കളിക്കുന്നതിന്റെ സമ്പ്രദായം കാണിച്ചുതരാം. ഒരു വൃത്തം വരച്ചു് അതിൽ കുറെ കിണ്ണത്തിന്റെ ആകൃതികൾ ഉണ്ടാക്കാം. ഓരോ കുട്ടി ഓരോ കിണ്ണത്തിൽ നില്ക്കുക. ഇപ്പോൾ എത്ര കുട്ടികൾക്കു് കിണ്ണം കിട്ടിയെന്നു് ജാനു പറയൂ.




4. ഞാൻ കോലുകൾ ഉപയോഗിച്ചു് ഒരു രൂപം ഉണ്ടാക്കാം. അതുപോലെ അപ്പുവും ഉണ്ടാക്കട്ടെ. അപ്പു എത്ര കോൽ ഉപയോഗിച്ചിട്ടുണ്ടെന്നു മേരി പറയൂ.



5. ഇതാ കുറെ പമ്പരം. അതിൽ എത്രയുണ്ടെന്നു് ഗോപി പറയൂ.



6. ഞാൻ ചില അക്കങ്ങൾ ബോർഡിന്മേൽ എഴുതാം. അവ ഓരോന്നും സൂചിപ്പിക്കുന്ന എണ്ണം കുന്നിക്കുരു വച്ചു് ഗോപിനാഥൻ കാണിക്കട്ടെ.



ബോർഡിന്മേൽ എഴുതുക:

**1. 2. 3. 4. 5. 6. 7. 8. 9.**

## അഭ്യാസം 19.



1. എത്ര മാമ്പഴം? 10
2. എത്ര പമ്പരം? 10
3. എത്ര താക്കോൽ? 10
4. എത്ര കുട? 10
5. എത്ര പന്ത്? 10

## അഭ്യാസം 20.

1. ഈ വരിയിലുള്ള 6 കുട്ടികൾ വരുവിൻ. നിങ്ങൾ അന്യോന്യം കൈകൾ കോൎത്തുപിടിച്ച് വട്ടത്തിൽ നില്ക്കുവിൻ. അപ്പു ആ വളയത്തിന്റെ നടുക്ക് ചെന്നുനില്ക്കട്ടെ. ഇപ്പോൾ അതിൽ എത്ര കുട്ടികൾ ഉണ്ടെന്നു തോമ്പി പറയു.

2. എട്ടു കുട്ടികൾ വരുവിൻ. നിങ്ങൾ അന്യോന്യം കൈകോൎത്തുപിടിച്ച് വട്ടത്തിൽ നില്ക്കുവിൻ. തങ്കം വളയത്തിന്റെ ഉള്ളിലും രാമൻ വളയത്തിന്റെ പുറത്തും നില്ക്കട്ടെ. ഇപ്പോൾ അതിൽ എത്ര കുട്ടികൾ ഉണ്ട്.

3. തങ്കം 10 താക്കോൽ എടുത്ത് ഓരോന്നായി ഒരു ചരടിൽ കോൎത്തു കെട്ടു.

4. അമ്മു വരൂ. ഞാൻ ഒരു ചെപ്പു തരാം. അതിനകത്ത് 10 ഗോലി എടുത്ത് ഇടുക.

5. ബാലൻ തോട്ടത്തിൽ നിന്ന് 10 പൂവു

പറിച്ചുകൊണ്ടു വന്നു. അതിൽനിന്നു് 2 എണ്ണം അമ്മുവിനു കൊടുക്കുക. 4 എണ്ണം അമ്മാളുവിനു് കൊടുക്കുക. ബാക്കിയുള്ളതു് ലില്ലിയ്ക്കു കൊടുക്കുമ്പോൾ അമ്മുവിന്റെ കൈയിൽ എത്ര പൂവുണ്ടെന്നു മാധവൻ പറയട്ടെ. അമ്മാളുവിന്റെ കൈയിൽ എത്രയുണ്ടെന്നു് തങ്കം പറയട്ടെ. ലില്ലിയുടെ കൈയിൽ എത്ര പൂവുണ്ടെന്നു് കുട്ടപ്പൻ നോക്കി പറയൂ.

ബോർഡിന്മേൽ എഴുതുക:

**1. 2. 3. 4. 5. 6. 7. 8. 9. 10.**

## അദ്ധ്യായം ൨.

### 1 മുതൽ 10 വരെ എണ്ണങ്ങൾ
### (തുടർച്ച)
### അഭ്യാസം 1.

1. അപ്പു ഒരു പന്തെടുക്കുന്നു. 1 ഒന്നുകൂടി എടുക്കുക. അവയെ ചേർത്തുവയ്ക്കുക. ഇപ്പോൾ എത്ര പന്തുണ്ടു്?




1 പന്തും 1 പന്തും ചേർന്നാൽ 2 പന്താകുന്നു:

1 പന്തു് + 1 പന്തു = 2 പന്തു്.

\+ ഈ അടയാളം രണ്ടു എണ്ണങ്ങൾ കൂട്ടണം എന്നു കാണിക്കുന്നു. = ഈ അടയാളത്തിനു് "സമം" എന്നു പേർ.

2. തങ്കം ഈ പെട്ടിയിൽനിന്നു ഒരു ചതുരക്കട്ടയെടുത്തു് മേശപ്പുറത്തു വയ്ക്കും. പിന്നെ ഒരു ചതുരക്കട്ടയെടുത്തു് മേശപ്പുറത്തു വയ്ക്കും. അവയെ ചേൎത്തു വയ്ക്കും. ഇപ്പോൾ മേശപ്പുറത്തു് എത്ര ചതുരക്കട്ടയുണ്ടു്?




1 ചതുരക്കട്ട + 1 ചതുരക്കട്ട = 2 ചതുരക്കട്ട.

## അഭ്യാസം 2.

1. ഒരു കുട്ടി ഒരു അപ്പക്കഷണം തിന്നുകൊണ്ടു് മുറ്റത്തു നില്ക്കുകയായിരുന്നു. അതു് തട്ടിക്കൊണ്ടുപോകുവാൻ അപ്പോൾ ഒരു കാക്ക വന്നു. പിന്നെ ഒരു കാക്കയുംകൂടി വന്നു. എന്നാൽ ആകെ വന്ന കാക്കകൾ എത്ര?

2. എന്റെ വീട്ടിൽ ഒരു കറുത്ത പശുവും ഒരു വെളുത്ത പശുവും ഉണ്ടു്. എന്നാൽ എന്റെ വീട്ടിൽ ആകെ എത്ര പശുക്കൾ ഉണ്ടു്?

3. കാറ്റത്തു് ഒരു മാവിൽനിന്നു് ഒരു പച്ചമാങ്ങയും ഒരു പഴുത്തമാങ്ങയും വീണു. എന്നാൽ ആകെ വീണ മാങ്ങയെത്ര?

## അഭ്യാസം 3.


1. കുട്ടപ്പൻ 2 പന്തെടുത്തു് മേശപ്പുറത്തു വയ്ക്കും. ഒന്നുകൂടി വയ്ക്കും. അവയെ ചേൎത്തു വയ്ക്കും. ഇപ്പോൾ മേശപ്പുറത്തു് എത്ര പന്തുണ്ടു്?



2 പന്തു് + 1 പന്തു് = 3 പന്തു്.

2. അമ്മു 2 ചതുരക്കട്ടയെടുക്കു. ഒന്നുകൂടി എടുക്കു. അവയെ ചേൎത്തുവയ്ക്കു ഇപ്പോൾ എത്ര ചതുരക്കട്ടകൾ ഉണ്ടു്?

2 3 1



2 ചതുരക്കട്ട + 1 ചതുരക്കട്ട = 3 ചതുരക്കട്ട.

അഭ്യാസം 4.

1. ഒരു മുറിയ്ക്കകത്തു് ആദ്യം 2 എലികൾ വന്നു. പിന്നെ ഒരു എലി വന്നു. എന്നാൽ ആകെ മുറിയ്ക്കകത്തുള്ള എലികൾ എത്ര?

2. ഒരു കൂട്ടിൽ 2 തത്തകൾ ഉണ്ടു്. വേറൊരു കൂട്ടിൽ ഒരു തത്തയുണ്ടു്. എന്നാൽ രണ്ടു കൂട്ടിലുംകൂടിയുള്ള തത്തകൾ എത്ര?

3. അമ്മ തങ്കത്തിനു 2 പഴം കൊടുത്തു. അച്ഛൻ അവൾക്കു് ഒരു പഴം കൊടുത്തു. എന്നാൽ അവളുടെ കയ്യിലുള്ള പഴമെത്ര?


അഭ്യാസം 5.

3 4



1. ജാനു 3 പന്തെടുക്കു ഒന്നുകൂടി എടുക്കു. അവയെ ചേൎത്തു വയ്ക്കു. ഇപ്പോൾ എത്ര പന്തുണ്ടു്?

3 പന്തു് + 1 പന്തു = 4 പന്തു. 1 




2 ഓമന 3 ചതുരക്കട്ടയെടുക്കു. ഒന്നുകൂടി എടുക്കു. അവയെ ചേൎത്തുവയ്ക്കു. ഇപ്പോൾ എത്ര ചതുരക്കട്ടകൾ ഉണ്ട്?

3. ചതുരക്കട്ട + 1 ചതുരക്കട്ട = 4 ചതുരക്കട്ട.


## അഭ്യാസം 6.

1. ഒരു വീട്ടിൽ 3 ആൺകുട്ടികളും ഒരു പെൺകുട്ടിയും ഉണ്ട്. എന്നാൽ ആകെ ആ വീട്ടിലുള്ള കുട്ടികൾ എത്ര?

2 തങ്കത്തിനു തലമുടിയിൽ ചൂടുവാൻ 3 പനിനീർപ്പൂക്കളും അമ്മുവിനു ചൂടുവാൻ ഒരു പനിനീർപ്പൂവും കൊടുക്കണമെങ്കിൽ ആകെ എത്ര പൂക്കൾ വേണം.

3. രാമനു 3 മാമ്പഴം കിട്ടി. ഗോപിയ്ക്കു് ഒരു മാമ്പഴം കിട്ടി. എന്നാൽ രണ്ടുപേൎക്കുംകൂടി കിട്ടിയ മാമ്പഴമെത്ര?


## അഭ്യാസം 7.



1. അമ്മു 4 പന്തെടുക്കു. ഒന്നുകൂടി എടുക്കു. അവയെ ചേൎത്തു വയ്ക്കു. ഇപ്പോൾ എത്ര പന്തുണ്ട്. 4

4 പന്ത് + 1 പന്ത് = 5 പന്ത്. 1

2. കുട്ടൻ 4 ചതുരക്കട്ടയെടുക്കുന്നു. ഇനി ഒന്നുകൂടി എടുക്കുന്നു. അവയെ ചേർത്തു വയ്ക്കുന്നു. ഇപ്പോൾ എത്ര ചതുരക്കട്ടകൾ ഉണ്ടു്?




4 ചതുരക്കട്ട + 1 ചതുരക്കട്ട = 5 ചതുരക്കട്ട.

## അദ്ധ്യായം 8.

1. ഒരു വീട്ടിൽ 4 പൂച്ചക്കുട്ടികളും ഒരു തള്ളപ്പൂച്ചയും ഉണ്ടു്. എന്നാൽ ആകെ ആ വീട്ടിലുള്ള പൂച്ചകൾ എത്ര?

2. ഒരുവൻ കൈ കൊട്ടിയപ്പോൾ ആദ്യം 4 കാക്കകൾ വന്നു. പിന്നെ ഒരു കാക്കകൂടി വന്നു. എന്നാൽ ആകെ വന്ന കാക്കകൾ എത്ര?


3. രാമന്റെ കൈയിൽ 4 ഗോലികളുണ്ടായിരുന്നു. അവന്റെ ജ്യേഷ്ഠൻ അവനു് ഒരു ഗോലി കൊടുത്തു. ഇപ്പോൾ രാമന്റെ കൈയിലുള്ള ഗോലികളെത്ര?

4. കുഞ്ഞൻ 4 മാമ്പഴം പെറുക്കിക്കൊണ്ടുവന്നു. അപ്പു ഒരു മാമ്പഴം പെറുക്കിക്കൊണ്ടുവന്നു. എന്നാൽ അവർ രണ്ടുപേരും കൂടി കൊണ്ടുവന്ന മാമ്പഴമെത്ര?

## അഭ്യാസം 9.




1. ഗോപി 5 പന്തെടുത്തു് മേശപ്പുറത്തു വയ്ക്കുന്നു. അപ്പു ഒരു പന്തെടുത്തു മേശപ്പുറത്തു വയ്ക്കുന്നു. അവയെ ചേൎത്തുവയ്ക്കുന്നു ഇപ്പോൾ മേശപ്പുറത്തു് എത്ര പന്തുണ്ടു്? 5 പന്തു+1 പന്തു്=6 പന്തു്.




2 അമ്മാളു 5 ചതുരക്കട്ടയെടുക്കുന്നു. ഒന്നുകൂടി എടുക്കുന്നു അവയെ ചേൎത്തുവയ്ക്കുന്നു ഇപ്പോൾ എത്ര ചതുരക്കട്ടകൾ ഉണ്ടു?

5 ചതുരക്കട്ട+1 ചതുരക്കട്ട = 6 ചതുരക്കട്ട.

## അഭ്യാസം 10.

1. ഒരു കുളത്തിൽ 5 സ്ത്രീകൾ കുളിച്ചുകൊണ്ടിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ഒരു സ്ത്രീയും കൂടി കുളിക്കുവാൻ ഇറങ്ങി. എന്നാൽ ആകെ അവിടെ എത്ര സ്ത്രീകൾ ഉണ്ടായിരുന്നു?

2 ഒരു കടത്തിൽ 5 ഇടങ്ങഴി തൈരു് ഉണ്ടു്. അതിൽ ഒരു ഇടങ്ങഴി തൈരു കൂടി ഒഴിച്ചാൽ, കടത്തിൽ എത്ര ഇടങ്ങഴി തൈരുണ്ടാകും?

3. ഒരു സദ്യയ്ക്കു് ആദ്യം 5 ചക്ക വെട്ടി. പിന്നെ ഒരു ചക്ക കൂടി വെട്ടി. എന്നാൽ ആകെ വെട്ടിയ ചക്കയെത്ര?

## അഭ്യാസം 11.


1. അപ്പു 6 പന്തെടുത്ത് മേശപ്പുറത്തു വയ്ക്കുക. ഒന്നുകൂടി എടുത്തു വയ്ക്കുക. അവയെ ചേർത്തു വയ്ക്കുക. ഇപ്പോൾ എത്ര പന്തുണ്ട്?

6 പന്ത് + 1 പന്ത് = 7 പന്ത്.




2. അമ്മു 6 ചതുരക്കട്ടയെടുക്കുക. ഒന്നുകൂടി എടുക്കുക. അവയെ ചേർത്തു വയ്ക്കുക. ഇപ്പോൾ എത്ര ചതുരക്കട്ടകൾ ഉണ്ട്?

6 ചതുരക്കട്ട + 1 ചതുരക്കട്ട = 7 ചതുരക്കട്ട.




## അഭ്യാസം 12.

1 ഒരു ബെഞ്ചിൽ 6 കുട്ടികൾ ഇരിക്കുന്നുണ്ട്. വേറൊരു ബെഞ്ചിൽ ഒരു കുട്ടി ഇരിക്കുന്നുണ്ട്. എന്നാൽ രണ്ടു ബെഞ്ചിലുംകൂടി എത്ര കുട്ടികൾ ഇരിക്കുന്നു?


2 ഒരു തോൽപ്പന്തിന് 6 അണ വില. ഒരു റബ്ബർ പന്തിനു ഒരണ വില. എന്നാൽ രണ്ടിനുംകൂടി വിലയെന്ത്?

3. ഒരു പടലക്കായയിൽ 6 എണ്ണം പച്ചയും ഒന്നു പഴുത്തതും ആകുന്നു. എന്നാൽ ആകെ പടലയിലുള്ള എണ്ണം എത്ര?

4. ഒരു പണക്കാരന്നു് 6 കൊമ്പനാനയും ഒരു പിടിയാനയും ഉണ്ടു്. എന്നാൽ അയാൾക്കു് ആകെ എത്ര ആനകൾ ഉണ്ടു്?


### അഭ്യാസം 13.

1. കുട്ടപ്പൻ 7 പന്തെടുക്കു. ഒന്നുകൂടി എടുക്കു. അവയെ ചേൎത്തുവയ്ക്കു. ഇപ്പോൾ എത്ര പന്തുണ്ടു്?



7 പന്തു് + 1 പന്തു് = 8 പന്തു്.

2. രാമൻ 7 ചതുരക്കട്ടയെടുക്കു. ഒന്നുകൂടി എടുക്കു. അവയെ ചേൎത്തുവയ്ക്കു ഇപ്പോൾ എത്ര ചതുരക്കട്ടകൾ ഉണ്ടു്?



7 ചതുരക്കട്ട + 1 ചതുരക്കട്ട = 8 ചതുരക്കട്ട.

### അഭ്യാസം 14.

1. ലക്ഷ്മിയ്ക്കു് 7 നെല്ലിക്ക കിട്ടി. രാധയ്ക്കു് ഒരു നെല്ലിക്ക കിട്ടി. എന്നാൽ രണ്ടുപേൎക്കുംകൂടി കിട്ടിയ നെല്ലിയ്ക്കയെത്ര?

2. ഒരു നായാട്ടുകാരന്നു് 7 നായ്ക്കൾ ഉണ്ടായി


ന്നു. പിന്നീടു് ഒരു നായയെക്കൂടി വാങ്ങി. ഇപ്പോ ൾ അവന്നു് എത്ര നായ്ക്കളുണ്ടു്?

3. ഒരു സദ്യയ്ക്കു് 7 പച്ചച്ചക്കയും ഒരു പഴുത്ത ചക്കയും വാങ്ങിച്ചു: എന്നാൽ ആകെ വാങ്ങിച്ച ചക്കയെത്ര?

4. ഒരു തോണിയിൽ 7 യാത്രക്കാരും ഒരു ഊന്നുകാരനും ഉണ്ടായിരുന്നു. എന്നാൽ ആകെ തോണിയിലുള്ള ആളുകൾ എത്ര?


## അഭ്യാസം 15.

1. ലക്ഷ്മി 8 പന്തെടുത്തു് മേശപ്പുറത്തു വയ്ക്കുക. ഒന്നുകൂടി എടുക്കുക. അവയെ ചേർത്തുവയ്ക്കുക. ഇപ്പോൾ മേശപ്പുറത്തു് എത്ര പന്തുണ്ടു്?

8  9

8 പന്തു് + 1 പന്തു് = 9 പന്തു്. 1

2. ഗോപി 8 ചതുരക്കട്ടയെടുക്കുക. ഒന്നുകൂടി എടുക്കുക. അവയെ ചേർത്തുവയ്ക്കുക. ഇപ്പോൾ എത്ര ചതുരക്കട്ടകൾ ഉണ്ടു്?

8  9

8 ചതുരക്കട്ട + 1 ചതുരക്കട്ട = 9 ചതുരക്കട്ട. 1

## അഭ്യാസം 16.

1. ഒരു വീട്ടിൽ 8 കറവയുള്ള പശുക്കളും ഒരു കറവയില്ലാത്ത പശുവും ഉണ്ടു്. എന്നാൽ ആകെ ആ വീട്ടിലുള്ള പശുക്കൾ എത്ര?

2. ലക്ഷ്മി 8 പടക്കം പൊട്ടിച്ചു. രാധ ഒരു പടക്കം പൊട്ടിച്ചു. എന്നാൽ രണ്ടുപേരുംകൂടി പൊട്ടിച്ച പടക്കമെത്ര?

3. അമ്മ, ശാരദയുടെ വലത്തുകയ്യിൽ 8 ബിസ്കറ്റും ഇടത്തുകയ്യിൽ ഒരു ബിസ്കറ്റും കൊടുത്തു. എന്നാൽ ശാരദയ്ക്കു് ആകെ കിട്ടിയ ബിസ്കറ്റു് എത്ര?

4 ഒരു തോട്ടത്തിൽ 8 പൂവൻവാഴയും ഒരു നേന്ത്രവാഴയും കലർന്നിരുന്നു. എന്നാൽ ആകെ കലർന്ന വാഴകൾ എത്ര?

## അഭ്യാസം 17.


1. രാമൻ ഈ പെട്ടിയിൽനിന്നു് 9 പന്തെടുത്തു് മേശപ്പുറത്തു വെച്ചു. ഒന്നു 9 കൂടി എടുത്തുവെച്ചു. അവയെ ചേർത്തു വെച്ചു. ഇപ്പോൾ മേശപ്പുറത്തു് എത്ര പന്തുണ്ടു്?


10

9 പന്തു് + 1 പന്തു് = 10 പന്തു്  1

2. കട്ടൻ 9 ചതുരക്കട്ടയെടുക്കു. ഒന്നുകൂടി എടുക്കു. അവയെ ചേൎത്തുവയ്ക്കു. ഇപ്പോൾ എത്ര ച 9 തുരക്കട്ടകൾ ഉണ്ടു്?

9 ചതുരക്കട്ട + 1 ചതുരക്കട്ട = 10 ചതുരക്കട്ട 1



## അഭ്യാസം 18.


1. ഒരു പ്ലാവിൽ 9 ചക്കയുണ്ടു്. വേറൊരു പ്ലാവിൽ ഒരു ചക്കയുണ്ടു്. എന്നാൽ രണ്ടു പ്ലാവിലുംകൂടി ചക്കയെത്ര?

2. ഒരു ബസ്സിൽ 9 യാത്രക്കാരുണ്ടു്. ഒരാളെക്കൂടി കയററിയാൽ ആകെ എത്ര യാത്രക്കാർ ആകും?

3. ഗോപിയുടെ കൈയിൽ 9 ഗോലിയുണ്ടു്. അവന്റെ ജ്യേഷ്ഠൻ അവനു് ഒരു ഗോലി കൊടുത്തു. ഇപ്പോൾ ഗോപിയുടെ കൈയിൽ എത്ര ഗോലിയുണ്ടു്?

4. ഒരു കൂട്ടിൽ 9 കോഴിക്കുഞ്ഞുങ്ങളും ഒരു പിടക്കോഴിയും ഉണ്ടു്. എന്നാൽ ആകെ കൂട്ടിലുള്ള കോഴികൾ എത്ര?

അമ്മ ഒരു വള എടുക്കു. 2 എണ്ണം കൂടി 1 എടുക്കു. അവയെ ചേൎത്തുവയ്ക്കു. ഇപ്പോൾ 2 എത്ര വളകൾ ഉണ്ടു്?



3

1 വള + 2 വള = 3 വള.


## അഭ്യാസം 19.

ഒരു വീട്ടിൽ ഒരു എരുമയുണ്ടായിരുന്നു. പിന്നീട് 2 എരുമകളെക്കൂടി വാങ്ങിച്ചു. എന്നാൽ ആകെ വീട്ടിലുള്ള എരുമകൾ എത്ര?

2. ഒരു തള്ളുവണ്ടിയ്ക്കു് മുമ്പിൽ ഒരു ചക്രവും പിന്നിൽ 2 ചക്രവും ഉണ്ടു്. എന്നാൽ ആ വണ്ടിയ്ക്കു് ആകെ എത്ര ചക്രമുണ്ടു്?

3. ഒരു അണ്ണാൻ ഒരു മാമ്പഴം കടിച്ചു താഴെയിട്ടു. ഒരു കാക്ക 2 മാമ്പഴം കൊത്തി താഴെയിട്ടു; എന്നാൽ ആകെ താഴെയിട്ട മാമ്പഴം എത്ര?

കമലം 2 വളയെടുക്കൂ. ഇനി 2 വളകൂടി എടുക്കൂ. അവയെ ചേത്തു വയ്ക്കൂ. ഇപ്പോൾ എത്ര വളകൾ ഉണ്ടു്?




2 വള + 2 വള = 4 വള.

## അഭ്യാസം 20.


1 അമ്മ കുട്ടന്റെ വലത്തുകയ്യിൽ 2 പഴവും ഇടത്തുകയ്യിൽ 2 പഴവും കൊടുത്തു. എന്നാൽ കുട്ടനു് ആകെ എത്ര പഴം കിട്ടി?

2 മാസ്സുകളിക്കു 2 കുട്ടികൾ കളിക്കുവാനും 2 കുട്ടികൾ കാക്കുവാനും വേണം. എന്നാൽ ആകെ എത്ര കുട്ടികൾ വേണം?

3. ഒരു മോട്ടോർവണ്ടിയ്ക്കു് മുമ്പിൽ 2 ചക്രവും

പിന്നിൽ 2 ചക്രവും ഉണ്ടു്. എന്നാൽ ആ മോട്ടോർ വണ്ടിയ്ക്കു് ആകെ എത്ര ചക്രമുണ്ടു്?

കുട്ടൻ 3 വളയെടുത്തു. ഇനി 2 വളകൂടി എടുത്തു. അവയെ ചേർത്തു വയ്ക്കൂ. ഇപ്പോൾ എത്ര വളയുണ്ടു്?

3  5

2

3 വള + 2 വള = 5 വള.


അഭ്യാസം 21.

1. ഒരു വീട്ടിൽ 3 പുരുഷന്മാരും 2 സ്ത്രീകളും ഉണ്ടു്. എന്നാൽ ആകെ ആ വീട്ടിലുള്ള ആളുകൾ എത്ര?

2. അമ്മുവിനു് ഒരു ദിവസം കാലത്തു് 3 മാമ്പഴം കിട്ടി. വൈകുന്നേരം 2 മാമ്പഴം കിട്ടി. എന്നാൽ അന്നു ദിവസം അമ്മുവിനു് കിട്ടിയ മാമ്പഴമെത്ര?

3. തങ്കത്തിന്റെ അച്ഛൻ ഓണത്തിനു് 3 കുല നേന്ത്രക്കായ വാങ്ങിച്ചു. അമ്മാമൻ 2 കുല നേന്ത്രക്കായ വാങ്ങിച്ചു. എന്നാൽ അവർ ആകെ വാങ്ങിച്ച കുലയെത്ര?

വിശാലം 4 വളയെടുത്തു. ഇനി 2 വള കൂടിയെടുത്തു. അവ ചേർത്തുവയ്ക്കൂ. ഇപ്പോൾ എത്ര വളകൾ ഉണ്ടു്?

4  6

2

4 വള + 2 വള = 6 വള.


### അഭ്യാസം 22.

1. ഒരു തോപ്പിൽ 4 തെങ്ങും 2 കവുങ്ങും ഉണ്ട്. എന്നാൽ ആകെ തോപ്പിലുള്ള വൃക്ഷങ്ങൾ എത്ര?

2. ഒരു കുടുംബത്തിൽ 4 ആൺകുട്ടികളും 2 പെൺകുട്ടികളും ഉണ്ട്. എന്നാൽ ആകെ കുട്ടികൾ എത്ര?

3. 4 കുട്ടികൾ കളിക്കുകയായിരുന്നു. 2 കുട്ടികൾകൂടി ചേർന്നു. ആകെ എത്ര കുട്ടികളായി?

കൊച്ചപ്പൻ 5 വള എടുക്കു. ഇനി 2 വളകൂടി എടുക്കു. അവയെ ചേർത്തു വയ്ക്കു. ഇപ്പോൾ എത്ര വളയുണ്ട്?




5 വള + 2 വള = 7 വള.

### അഭ്യാസം 23.

1. ജാനകിയ്ക്കു 5 പാവാടയുണ്ട്. കമലത്തിനു 2 പാവാടയുണ്ട്. എന്നാൽ രണ്ടുപേൎക്കുംകൂടി എത്ര പാവാടയുണ്ട്?


2. കുട്ടനു 5 കോടിമുണ്ടും 2 അലക്കിയ മുണ്ടും ഉണ്ട്. എന്നാൽ കുട്ടനു ആകെ എത്ര മുണ്ടുകൾ ഉണ്ട്?

3. ഒരു വരിയിൽ 5 പേർ ഇരുന്നു ഭക്ഷണം കഴിക്കുന്നു. വേറൊരു വരിയിൽ 2 പേർ ഇരുന്നു ഭക്ഷ

ണം കഴിക്കുന്നു. എന്നാൽ ആകെ ഭക്ഷണം കഴിക്കുന്നവർ എത്ര?

അപ്പൻ 6 മഞ്ചാടിയെടുക്കു. 2 എണ്ണംകൂടി എടുക്കു. അവയെ 6 ചേർത്തു വയ്ക്കു. ഇപ്പോൾ എത്ര മഞ്ചാടിയുണ്ട്? 8

6 മഞ്ചാടി + 2 മഞ്ചാടി = 8 മഞ്ചാടി. 2



## അഭ്യാസം 24.


1. ഒരു ബസ്സിൽ 6 ആളുകൾ ഉണ്ട്. 2 പേർ കൂടി കയറിയാൽ ആകെ എത്ര പേർ ആവും?

2. ഗോവിന്ദൻെറ കൈയിൽ 6 ഗോലിയുണ്ട്. ജ്യേഷ്ഠൻ അവന് 2 ഗോലി കൊടുത്തു. ഇപ്പോൾ ഗോവിന്ദൻെറ കൈയിലുള്ള ഗോലിയെത്ര?

3. തങ്കം 6 അണ കൊടുത്ത് ഒരു പാവയും 2 അണ കൊടുത്ത് ഒരു പടവും വാങ്ങി. എന്നാൽ അവൾ ആകെ ചിലവാക്കിയ അണയെത്ര?

ലീല 7 മഞ്ചാടിയെടുക്കു. ഇനി 2 മഞ്ചാടികൂടി എടുക്കു. അവയെ 7 ചേർത്തുവയ്ക്കു. ഇപ്പോൾ എത്ര മഞ്ചാടിയുണ്ട്? 9

7 മഞ്ചാടി + 2 മഞ്ചാടി = 9 മഞ്ചാടി. 2



## അഭ്യാസം 25.

1. ഒരു ക്ലാസ്സിൽ 7 ആൺകുട്ടികളും 2 പെൺകുട്ടികളും ഉണ്ട്. എന്നാൽ ആകെ ക്ലാസ്സിലുള്ള കുട്ടികൾ എത്ര?


2 ഒരു തൊഴുത്തിൽ 7 പശുക്കളും 2 എരുമകളും ഉണ്ടു്. എന്നാൽ ആകെ തൊഴുത്തിലുള്ള മൃഗങ്ങൾ എത്ര?

3. ഒരു പ്ലാവിൻെറ ഒരു കൊമ്പത്തു് 7 ചക്കയും വേറൊരു കൊമ്പത്തു് 2 ചക്കയും ഉണ്ടു്. എന്നാൽ ആകെ പ്ലാവിലുള്ള ചക്കയെത്ര?

രാമൻ 8 മഞ്ചാടിയെടുക്കൂ. 2 എണ്ണംകൂടി എടുക്കൂ. അവയെ ചേർത്തു വയ്ക്കൂ. ഇപ്പോൾ എത്ര മഞ്ചാടിയുണ്ടു്?

8 മഞ്ചാടി+2 മഞ്ചാടി=10 മഞ്ചാടി

8 2 10



## അഭ്യാസം 26.

1 ഗോവിന്ദൻ 8 ഏറുപടക്കം പൊട്ടിച്ചു. ഗോപാലൻ 2 ഏറുപടക്കം പൊട്ടിച്ചു. എന്നാൽ അവർ ആകെ പൊട്ടിച്ച ഏറുപടക്കമെത്ര?


2 അപ്പുവും അമ്മുവും മാമ്പഴം പെറുക്കുവാൻ പോയി. അപ്പുവിനു് 8 മാമ്പഴവും അമ്മുവിനു് 2 മാമ്പഴവും കിട്ടി. എന്നാൽ അവർക്കു് ആകെ കിട്ടിയ മാമ്പഴം എത്ര?

3. 8 കോഴികൾ നെന്മണി കൊത്തിത്തിന്നുകൊണ്ടിരിക്കയായിരുന്നു. പിന്നെ 2 കോഴികൾകൂടി വന്നു. എന്നാൽ ആകെ കോഴികൾ എത്ര?

ഗോവിന്ദൻ ഒരു മഞ്ചാടിയെടുക്കൂ. ഇനി 3 എണ്ണംകൂടി എടുക്കൂ. അവയെ ചേർത്തുവയ്ക്കൂ. ഇപ്പോൾ എത്ര മഞ്ചാടിയുണ്ടു്?

1 മഞ്ചാടി+3 മഞ്ചാടി=4 മഞ്ചാടി

1 3 4



## അഭ്യാസം 27.


1. ഒരു വീട്ടിൽ ഒരു ഓലക്കുടയും 3 ശീലക്കുടയും ഉണ്ടു്. എന്നാൽ ആ വീട്ടിലുള്ള ആകെ കുടകൾ എത്ര?

2. ഒരു സദ്യയ്ക്കു് ഒരു കെട്ടു് വലിയ പപ്പടവും 3 കെട്ടു് ചെറിയ പപ്പടവും കാച്ചി. എന്നാൽ ആകെ എത്ര കെട്ടു പപ്പടം കാച്ചി?

3. ഒരു ജട്കാവണ്ടിയിൽ ഒരു സ്ത്രീയും 3 പുരുഷന്മാരും ഉണ്ടു്. എന്നാൽ ആകെ വണ്ടിയിലുള്ള ആളുകൾ എത്ര?

ഗോപി 2 മഞ്ചാടിയെടുക്കൂ.

ഇനി 3 എണ്ണംകൂടി എടുക്കൂ. അവ 2
യെ ചേർത്തു വയ്ക്കൂ. ഇപ്പോൾ എ 3
ത്ര മഞ്ചാടിയുണ്ടു്?



5

2 മഞ്ചാടി + 3 മഞ്ചാടി = 5 മഞ്ചാടി.


## അഭ്യാസം 28.

1. അമ്മ കുട്ടന്റെ വലത്തുകയ്യിൽ 2 ബിസ്കറ്റും ഇടത്തുകയ്യിൽ 3 ബിസ്കറ്റും കൊടുത്തു. എന്നാൽ കുട്ടനു് ആകെ കിട്ടിയ ബിസ്കറ്റു് എത്ര?

2. ഒരു പെട്ടിയിൽ 2 റബ്ബർപന്തും 3 നൂൽപന്തും ഉണ്ടു്. എന്നാൽ ആകെ പെട്ടിയിലുള്ള പന്തെത്ര?

3. ഒരു വീട്ടിൽ എലികളെ പിടിക്കുവാനായി രണ്ടു കെണികൾ വെച്ചു. ഒന്നിൽ 2 എലികളും മറേറതിൽ 3 എലികളും പെട്ടു. എന്നാൽ ആകെ കെണിയിൽ പെട്ട എലികൾ എത്ര?

കുട്ടൻ 3 മഞ്ചാടിയെടുക്കു. 3 എണ്ണംകൂടി എടുക്കു. അവയെ ചേൎത്തുവയ്ക്കു. ഇപ്പോൾ എത്ര മഞ്ചാടിയുണ്ടെന്നു പറയു.




3 മഞ്ചാടി + 3 മഞ്ചാടി = 6 മഞ്ചാടി.


## അഭ്യാസം 29.

1. അപ്പു ഒരു ദിവസം കാലത്തു 3 അപ്പവും വൈകുന്നേരം 3 അപ്പവും തിന്നു. എന്നാൽ അന്നേ ദിവസം അവൻ ആകെ തിന്ന അപ്പമെത്ര?

2. ഒരു കൃഷിക്കാരനു 3 കാളകളും 3 പോത്തുകളും ഉണ്ടു. എന്നാൽ ആകെയുള്ള മൃഗങ്ങൾ എത്ര?

3. അച്ഛൻ അമ്മുവിനു 3 ജാക്കറ്റും അമ്മാളുവിനു 3 ജാക്കറ്റും തുന്നിച്ചു. എന്നാൽ അദ്ദേഹം ആകെ തുന്നിച്ച ജാക്കറ്റു എത്ര?

അമ്മാളു 4 മഞ്ചാടിയെടുക്കു. ഇനി 3 എണ്ണംകൂടി എടുക്കു. അവയെ ചേൎത്തുവയ്ക്കു. ഇപ്പോൾ എത്ര മഞ്ചാടിയുണ്ടു?




4 മഞ്ചാടി + 3 മഞ്ചാടി = 7 മഞ്ചാടി.


## അഭ്യാസം 30.

1. ഒരു വരിയിൽ 4 കുട്ടികളും വേറൊരു വരിയിൽ 3 കുട്ടികളും ഉണ്ടു. എന്നാൽ രണ്ടുവരിയിലുംകൂടി കുട്ടികൾ എത്ര?

2. ഒരു പൊത്തിൽ 4 എലികളും വേറൊരു പൊത്തിൽ 3 എലികളും പാൎക്കുന്നു. എന്നാൽ രണ്ടു പൊത്തിലുംകൂടി പാൎക്കുന്ന എലികൾ എത്ര?

3. ഒരു പരീക്ഷയിൽ 4 ആൺകുട്ടികളും 3 പെൺകുട്ടികളും ജയിച്ചു. എന്നാൽ ആകെ ജയിച്ച കുട്ടികൾ എത്ര?

കമലം 5 മഞ്ചാടി എടുക്കു. ഇനി 3 എണ്ണംകൂടി എടുക്കു. അവയെ ചേൎത്തുവയ്ക്കു. ഇപ്പോൾ എത്ര മഞ്ചാടിയുണ്ടു്?




5 മഞ്ചാടി + 3 മഞ്ചാടി = 8 മഞ്ചാടി.


അഭ്യാസം 31.

1. ഒരു മുറിയിൽ 5 കസേലയും 3 ബെഞ്ചും ഉണ്ടു്. എന്നാൽ ആകെ മുറിയിലുള്ള സാധനങ്ങൾ എത്ര?

2. ഒരു പറമ്പിൽ 5 മാവും 3 പ്ലാവും ഉണ്ടു്. എന്നാൽ ആകെ പറമ്പിലുള്ള വൃക്ഷങ്ങൾ എത്ര?

3. ശാരദയ്ക്കു് 5 തമിഴ്പാട്ടുകളും 3 മലയാളപാട്ടുകളും അറിയാം. എന്നാൽ അവൾക്കു് ആകെ അറിയാവുന്ന പാട്ടുകൾ എത്ര?

അമ്മാളു 6 മഞ്ചാടി എടുക്കുന്നു. 3 എണ്ണംകൂടി എടുക്കു. അവയെ ചേൎത്തുവയ്ക്കു. ഇപ്പോൾ എത്ര മഞ്ചാടിയുണ്ടു്.




6 മഞ്ചാടി + 3 മഞ്ചാടി = 9 മഞ്ചാടി.


അഭ്യാസം 32.

1. ജാനകിയുടെ കൈയിൽ 6 നെല്ലിക്കയുണ്ടു്. ശാരദയുടെ കൈയിൽ 3 നെല്ലിക്കയുണ്ടു്. എന്നാൽ രണ്ടുപേൎക്കും കൂടി നെല്ലിക്കയെത്ര?

2. അമ്മ 6 പശുക്കളെ കറന്നു. ചെറിയമ്മ 3 പശുക്കളെ കറന്നു. എന്നാൽ ആകെ എത്ര പശുക്കളെ കറന്നു?

3. ഒരു ക്ലാസ്സിൽ 6 ആൺകുട്ടികളും 3 പെൺകുട്ടികളും ഉണ്ടു്. എന്നാൽ ആ ക്ലാസ്സിൽ ആകെ കുട്ടികൾ എത്ര?

കുട്ടപ്പൻ 7 മഞ്ചാടി എടുക്കു. ഇനി 3 എണ്ണം കൂടി എടുക്കു. അവയെ ചേർത്തുവയ്ക്കു. ഇപ്പോൾ എത്ര മഞ്ചാടിയുണ്ടു്?




7 മഞ്ചാടി + 3 മഞ്ചാടി = 10 മഞ്ചാടി.


## അഭ്യാസം 33.

1. ഒരു കലയിൽ 7 നാളികേരവും വേറൊരു കലയിൽ 3 നാളികേരവും ഉണ്ടു്. എന്നാൽ രണ്ടു കലയിലുംകൂടി നാളികേരമെത്ര?

2. ഒരു പാടത്തു് 7 പശുക്കളും 3 കാളകളും മേഞ്ഞുകൊണ്ടിരുന്നു. എന്നാൽ ആകെ മേഞ്ഞുകൊണ്ടിരുന്ന മൃഗങ്ങൾ എത്ര?

3. ജാനുവിന്റെ കൈയിൽ 7 പാവകൾ ഉണ്ടു്. അവളുടെ അമ്മ അവൾക്കു് 3 പാവകൾ കൊടുത്തു. ഇപ്പോൾ അവളുടെ കൈയിലുള്ള പാവകൾ എത്ര?

ഞാൻ മേശപ്പുറത്തു് ഒരു മഞ്ചാടി വയ്ക്കാം. അപ്പൻ 4 മഞ്ചാടി എടുത്തു വയ്ക്കു. ഇപ്പോൾ മേശപ്പുറത്തു് എത്ര മഞ്ചാടിയുണ്ടു്?




1 മഞ്ചാടി + 4 മഞ്ചാടി = 5 മഞ്ചാടി.


## അദ്ധ്യായം 34.

1. ഒരു വീട്ടിൽ ഒരു ആട് ഉണ്ട്. പിന്നെ 4 ആടുകളെ കൂടി വാങ്ങിച്ചു. ഇപ്പോൾ ആ വീട്ടിൽ എത്ര ആടുകൾ ഉണ്ട്?

2. ഒരാൾക്ക് ഒരു വെള്ളക്കുതിരയും 4 കറുത്ത കുതിരകളും ഉണ്ട്. എന്നാൽ അയാൾക്ക് ആകെ എത്ര കുതിരകൾ ഉണ്ട്.

3. ഒരു സ്ലേറ്റ്പെൻസിലിനു ഒരു പൈ വില. ഒരു മഷിക്കുപ്പിക്കു 4 പൈ വില. എന്നാൽ രണ്ടിനുംകൂടി വിലയെത്ര?

അമ്മ 2 മഞ്ചാടി എടുത്തു. ഇനി 4 എണ്ണംകൂടി എടുക്കും. അവയെ ചേർത്തുവയ്ക്കു. ഇപ്പോൾ എത്ര മഞ്ചാടിയുണ്ട്?




2 മഞ്ചാടി + 4 മഞ്ചാടി = 6 മഞ്ചാടി.


## അദ്ധ്യായം 35.

1. ഒരു തട്ടത്തിൽ 2 ചുവന്ന പനിനീർപ്പൂവും 4 വെളുത്ത പനിനീർപ്പൂവും ഉണ്ട്. എന്നാൽ ആ തട്ടത്തിൽ ആകെയുള്ള പനിനീർപ്പൂവ് എത്ര?

2. ഒരു സ്ലേറ്റിന്റെ വില 2 അണ. ഒരു പുസ്തകത്തിന്റെ വില 4 അണ. എന്നാൽ രണ്ടിന്റെയും കൂടി വിലയെത്ര?

3. അപ്പന്റെ കൈയിൽ 2 ഗോലിയും അപ്പുക്കുട്ടന്റെ കൈയിൽ 4 ഗോലിയും ഉണ്ടായിരുന്നാൽ രണ്ടുപേർക്കും കൂടി ഗോലി എത്ര?

ചില 3 മഞ്ചാടി എടുക്കൂ. ഇനി 4 എണ്ണംകൂടി എടുക്കൂ. അവയെ ചേർത്തുവയ്ക്കൂ. ഇപ്പോൾ എത്ര മഞ്ചാടിയുണ്ട്?



3 മഞ്ചാടി + 4 മഞ്ചാടി 7 മഞ്ചാടി.


## അഭ്യാസം 36.

1. ഒരു കസേരയുടെ വില 3 ഉറുപ്പിക. ഒരു മേശയുടെ വില 4 ഉറുപ്പിക. എന്നാൽ രണ്ടിന്റെയുംകൂടി വിലയെന്ത്?

2. ഒരു ക്ലാസ്സിൽ 3 ആൺകുട്ടികളും 4 പെൺകുട്ടികളും ഉണ്ട്. എന്നാൽ ആകെ ക്ലാസ്സിലുള്ള കുട്ടികൾ എത്ര?

3. രാധയുടെ അച്ഛൻ അവൾക്ക് 3 അണയും അമ്മ 4 അണയും കൊടുത്തു എന്നാൽ ആകെ രാധയ്ക്കു കിട്ടിയ അണയെത്ര?

അപ്പുക്കുട്ടൻ 4 മഞ്ചാടി എടുക്കൂ. ഇനി 4 എണ്ണംകൂടി എടുക്കൂ. അവയെ ചേർത്തുവയ്ക്കൂ. ഇപ്പോൾ എത്ര മഞ്ചാടിയുണ്ട്?



4 മഞ്ചാടി + 4 മഞ്ചാടി = 8 മഞ്ചാടി.


## അഭ്യാസം 37.

1. ഒരു ബെഞ്ചിൽ 4 കുട്ടികൾ ഇരിക്കുന്നുണ്ട്. വേറൊരു ബെഞ്ചിൽ 4 കുട്ടികൾ ഇരിക്കുന്നുണ്ട്. എന്നാൽ രണ്ടു ബെഞ്ചിലുംകൂടി ഇരിക്കുന്ന കുട്ടികൾ എത്ര?

2 അമ്മ തങ്കത്തിന് 4 പഴം കൊടുത്തു. അച്ഛൻ അവൾക്ക് 4 പഴം കൊടുത്തു. എന്നാൽ തങ്കത്തിന് ആകെ കിട്ടിയ പഴമെത്ര?

3. ഒരാൾ 4 അണ കൊടുത്തു് ഒരു മത്തനും 4 അണ കൊടുത്തു് ഒരു എളവനും വാങ്ങി. എന്നാൽ അയാൾ ആകെ ചിലവാക്കിയ അണയെത്ര?

ലില്ലി 5 മഞ്ചാടി എടുക്കു. ഇനി 4 എണ്ണം കൂടി എടുക്കു. അവയെ ചേൎത്തുവയ്ക്കുക. ഇപ്പോൾ എത്ര മഞ്ചാടിയുണ്ടു്?




5 മഞ്ചാടി + 4 മഞ്ചാടി = 9 മഞ്ചാടി.


## അഭ്യാസം 38.

1 കമലത്തിന്റെ വലത്തുകൈയിൽ 5 വളയും ഇടത്തുകൈയിൽ 4 വളയും ഉണ്ടു്. എന്നാൽ രണ്ടുകൈയിലുംകൂടിയുള്ള വളകൾ എത്ര?

2. ഒരാൾ 5 ചാക്കു് നെടിയരിയും 4 ചാക്കു് പഴയരിയും വാങ്ങിച്ചു. എന്നാൽ അയാൾ ആകെ എത്ര ചാക്കു് അരി വാങ്ങി?

3. ഒരു പെട്ടിയിൽ 5 പളുങ്കുഗോലിയും 4 ചുണ്ണാമ്പുഗോലിയും ഉണ്ടു്. എന്നാൽ ആകെ പെട്ടിയിലുള്ള ഗോലിയെത്ര?

കണ്ണൻ 6 മഞ്ചാടി എടുക്കുക. ഇനി 4 എണ്ണംകൂടി എടുക്കുക. അവയെ ചേൎത്തുവയ്ക്കുക. ഇപ്പോൾ എത്ര മഞ്ചാടിയുണ്ടു്?




6 മഞ്ചാടി + 4 മഞ്ചാടി = 10 മഞ്ചാടി.

## അഭ്യാസം 39.


1. ഒരു ഇടയനു് 6 കോലാടുകളും 4 ചെമ്മരിയാടുകളും ഉണ്ടു്. എന്നാൽ അയാൾക്കു് എത്ര ആടുകൾ ഉണ്ടു്?

2. ശാരദ 6 കല്ലും അമ്മു 4 കല്ലും പെറുക്കിക്കൊണ്ടു വന്നു. എന്നാൽ രണ്ടു പേരുംകൂടി പെറുക്കിക്കൊണ്ടുവന്ന കല്ലു് എത്ര?

3 എന്റെ വലത്തു കയ്യിൽ 6 പുളിങ്കുരുവും ഇടത്തു കയ്യിൽ 4 പുളിങ്കുരുവും ഉണ്ടു്. എന്നാൽ രണ്ടു കയ്യിലുംകൂടി പുളിങ്കുരു എത്ര?

ഗോപി ഒരു മഞ്ചാടി എടുക്കുന്നു. ഇനി 5 എണ്ണംകൂടി എടുക്കുന്നു. അവയെ ചേർത്തു വയ്ക്കുന്നു. ഇപ്പോൾ എത്ര മഞ്ചാടിയുണ്ടു്.

1 5 6



1 മഞ്ചാടി + 5 മഞ്ചാടി = 6 മഞ്ചാടി.

## അഭ്യാസം 40


1. എന്റെ വലത്തു കയ്യിൽ ഒരു ബിസ്ക്കറ്റും ഇടത്തു കയ്യിൽ 5 ബിസ്ക്കറ്റും ഉണ്ടു്. എന്നാൽ ആകെ എന്റെ കയ്യിലുള്ള ബിസ്ക്കറ്റു് എത്ര?

2. ഒരു വീട്ടിൽ ഒരു ആൺകുട്ടിയും 5 പെൺകുട്ടികളും ഉണ്ടു്. എന്നാൽ ആകെ ആ വീട്ടിലുള്ള കുട്ടികൾ എത്ര?

3 ഒരു കടലാസ്സു് പെൻസിലിന്റെ വില ഒരണ. ഒരു പുസ്തകത്തിന്റെ വില 5 അണ. എന്നാൽ രണ്ടിനുംകൂടി വിലയെന്തു്?

കമലം 2 മഞ്ചാടി എടുക്കുന്നു. ഇനി 5 എണ്ണംകൂടി എടുക്കുന്നു. അവയെ ചേർത്തുവയ്ക്കുന്നു. ഇപ്പോൾ എത്ര മഞ്ചാടിയുണ്ടു്?

2 5 7



2 മഞ്ചാടി + 5 മഞ്ചാടി = 7 മഞ്ചാടി


## അഭ്യാസം 41

1. ശാരദയ്ക്കു് 2 ഇംഗ്ലീഷു പുസ്തകവും 5 മലയാളപുസ്തകവും ഉണ്ടു്. എന്നാൽ അവൾക്കു് ആകെ എത്ര പുസ്തകങ്ങൾ ഉണ്ടു്?

2. തങ്കത്തിന്റെ കയ്യിൽ 2 കാശു് ഉണ്ടു്. അവളുടെ അച്ഛൻ അവൾക്കു് 5 കാശു് കൊടുത്തു. ഇപ്പോൾ അവളുടെ കയ്യിലുള്ള കാശു എത്ര?

3. ഒരു കുടുംബത്തിൽ ദിവസേന കാലത്തു് 2 നാഴിയും വൈകുന്നേരം 5 നാഴിയും പാൽ കാപ്പിയ്ക്കു് വാങ്ങിക്കുന്നു. എന്നാൽ ഒരു ദിവസത്തിൽ ആകെ എത്ര പാൽ വാങ്ങിക്കുന്നു.

രത്നം 3 മഞ്ചാടി എടുക്കുക. ഇനി 5 എണ്ണം കൂടി എടുക്കുക. അവയെ ചേർത്തുവയ്ക്കുക. ഇപ്പോൾ എത്ര മഞ്ചാടിയുണ്ടു്?




3 മഞ്ചാടി + 5 മഞ്ചാടി = 8 മഞ്ചാടി

## അഭ്യാസം 42.


1. ഒരു ചെപ്പിൽ 3 മഞ്ചാടിയും വേറൊരു ചെപ്പിൽ 5 മഞ്ചാടിയും ഉണ്ടു്. എന്നാൽ രണ്ടു ചെപ്പിലുംകൂടി മഞ്ചാടി എത്ര?

2. തങ്കം 3 അണ കൊടുത്തു് ഒരു പാവയും 5 അണ കൊടുത്തു് ഒരു ചിത്രവും വാങ്ങിച്ചു. എന്നാൽ അവൾ ആകെ ചിലവാക്കിയ അണ എത്ര?

3. എന്റെ വലത്തു കയ്യിൽ 3 ശീലക്കടകളും ഇടത്തു കയ്യിൽ 5 ശീലക്കടകളും ഉണ്ടു്. എന്നാൽ

ഴുന്റെ രണ്ടു കയ്യിലും കൂടിയുള്ള ശിലക്കോൽകൾ എത്ര?

ലില്ലി 4 മഞ്ചാടി എടുക്കൂ. ഇനി 5 എണ്ണം കൂടി എടുക്കൂ. അവയെ ചേർത്തു വയ്ക്കൂ. ഇപ്പോൾ എത്ര മഞ്ചാടിയുണ്ടു്?



4 മഞ്ചാടി+5 മഞ്ചാടി=9 മഞ്ചാടി.


## അദ്ധ്യായം 43.

1. ജാനകിക്കു് 4 പുളിങ്കുരുവുണ്ടു്. അമ്മിണിക്കു 5 പുളിങ്കുരുവുണ്ടു്. എന്നാൽ രണ്ടു പേർക്കും കൂടി എത്ര പുളിങ്കുരുവുണ്ടു്?

2. ലില്ലിയ്ക്കു് 4 മോതിരവും മേറിയ്ക്കു് 5 മോതിരവും കൊടുപ്പാൻ ആകെ എത്ര മോതിരം വേണം?

3. റോസയുടെ കൈയിൽ 4 പെട്ടി ചുവന്ന മത്താപ്പും 5 പെട്ടി പച്ച മത്താപ്പും ഉണ്ടു്. എന്നാൽ ആകെ അവളുടെ കയ്യിലുള്ള മത്താപ്പുപെട്ടിയെത്ര?

ശങ്കരൻ 5 മഞ്ചാടി എടുക്കൂ. ഇനി 5 എണ്ണം കൂടി എടുക്കൂ അവയെ ചേർത്തു വയ്ക്കൂ. ഇപ്പോൾ എത്ര മഞ്ചാടിയുണ്ടു്?



5 മഞ്ചാടി+5 മഞ്ചാടി=10 മഞ്ചാടി.

## അദ്ധ്യായം 44.


1. തങ്കത്തിന്റെ വലത്തു കയ്യിൽ എത്ര വിരലുകൾ ഉണ്ടു്? ഇടത്തു കയ്യിൽ എത്ര വിരലുകൾ ഉണ്ടു്? രണ്ടു കയ്യിലും കൂടി വിരലുകൾ എത്ര?

2. ഒരു കലയിൽ 5 മാങ്ങയും വേറൊരു കലയിൽ 5 മാങ്ങയും ഉണ്ടു്. എന്നാൽ രണ്ടു കലയിലും കൂടി മാങ്ങയെത്ര?

3. അപ്പു 5 കടം ഗോപാലനും 5 കടം കുട്ടനും വച്ചു. എന്നാൽ രണ്ടുപേരും കൂടി വച്ച കടമെത്ര?

രാമു ഒരു മഞ്ചാടി എടുക്കു. ഇനി 6 എണ്ണം കൂടി എടുക്കു. അവ 1 യെ ചേത്തു വയ്ക്കു. ഇപ്പോൾ എത്ര മഞ്ചാടിയുണ്ടു്?

1 7 6



1 മഞ്ചാടി + 6 മഞ്ചാടി = 7 മഞ്ചാടി

അഭ്യാസം 45.


1. അപ്പുവിനു് ഒരു നെല്ലിക്ക കിട്ടി. അമ്മുവിനു് 6 നെല്ലിക്ക കിട്ടി. എന്നാൽ രണ്ടുപേരും കൂടി കിട്ടിയ നെല്ലിക്കയെത്ര?

2. ഒരു പെട്ടിയിൽ ഒരു പന്തുണ്ടു്. വേറൊരു പെട്ടിയിൽ 6 പന്തുണ്ടു്. എന്നാൽ രണ്ടു പെട്ടിയിലുംകൂടി പന്തെത്ര?

3. കുട്ടൻ ഒരു കണക്കു ചെയ്തു. കൊച്ചപ്പൻ 6 കണക്കു ചെയ്തു. എന്നാൽ രണ്ടു പേരും കൂടി എത്ര കണക്കു ചെയ്തു?

മറിയം 2 മഞ്ചാടി എടുക്കു. ഇനി 6 എണ്ണം കൂടി എടുക്കു. അവ 2 യെ ചേത്തു വയ്ക്കു. ഇപ്പോൾ എത്ര മഞ്ചാടിയുണ്ടു്?

2 6 8



2 മഞ്ചാടി + 6 മഞ്ചാടി = 8 മഞ്ചാടി.


## അഭ്യാസം 46.

1. മേറിയുടെ വലത്തു കയ്യിൽ 2 കന്നിക്കരുവും ഇടത്തു കയ്യിൽ 6 കന്നിക്കരുവും ഉണ്ടു്. എന്നാൽ അവളുടെ രണ്ടു കയ്യിലും കൂടിയുള്ള കന്നിക്കരു എത്ര?

2. ഒരു മതിലിന്മേൽ 2 കാക്കകൾ ഉണ്ടായിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ 6 കാക്കകൾ കൂടി ചെന്നിരുന്നു. ഇപ്പോൾ മതിലിന്മേലുള്ള കാക്കകൾ എത്ര?

3. തങ്കത്തിനു് 2 കുപ്പിവളകളും 6 റബ്ബർ വളകളും ഉണ്ടു്. എന്നാൽ ആകെ അവൾക്കു് എത്ര വളകളുണ്ടു്?

രാമൻ 3 മഞ്ചാടി എടുക്കുക. ഇനി 6 എണ്ണം കൂടി എടുക്കുക. അവയെ ചേർത്തു വയ്ക്കുക. ഇപ്പോൾ എത്ര മഞ്ചാടിയുണ്ടു്?




3 മഞ്ചാടി + 6 മഞ്ചാടി = 9 മഞ്ചാടി.


## അഭ്യാസം 47.

1. ഒരു സഭ്യയ്ക്കു് 3 പഴുത്ത ചക്കയും 6 പച്ചച്ചക്കയും വാങ്ങിച്ചു. എന്നാൽ ആകെ വാങ്ങിച്ച ചക്കയെത്ര?

2. ഒരു തൊഴുത്തിൽ 3 പശുക്കളും 6 എരുമകളും ഉണ്ടു്. എന്നാൽ ആകെ തൊഴുത്തിലുള്ള കന്നുകാലികൾ എത്ര?

3. ഒരു മുഖക്കസഞ്ചിയിൽ 3 പഴുക്കടയ്ക്കായും 6 പച്ചടയ്ക്കായും ഉണ്ടു്. എന്നാൽ ആകെ സഞ്ചിയിലുള്ള അടയ്ക്കായെത്ര?

റോസ്സ 4 മഞ്ചാടി എടുത്തു. ഇനി 6 എണ്ണം കൂടി എടുത്തു. അവയെ ചേൎത്തു വച്ചു. ഇപ്പോൾ എത്ര മഞ്ചാടിയുണ്ടു്?

4  6 10

4 മഞ്ചാടി + 6 മഞ്ചാടി = 10 മഞ്ചാടി.


അഭ്യാസം 48.

1. ഒരു കസേരയ്ക്കു് 4 ഉറുപ്പിക വില. ഒരു മേശയ്ക്കു് 6 ഉറുപ്പിക വില. എന്നാൽ രണ്ടിനുംകൂടി വിലയെന്തു്?

2. ഒരു പടലയിൽ 4 പഴവും വേറൊന്നിൽ 6 പഴവും ഉണ്ടു്. എന്നാൽ രണ്ടു പടലയിലും കൂടി പഴമെത്ര?

3. ഒരു പരീക്ഷയിൽ 4 പെൺകുട്ടികളും 6 ആൺകുട്ടികളും ജയിച്ചു. എന്നാൽ ആകെ ജയിച്ചവർ എത്ര?

മാധവൻ ഒരു മഞ്ചാടി എടുത്തു. ഇനി 7 എണ്ണം കൂടി എടുത്തു. അവയെ ചേൎത്തു വച്ചു. ഇപ്പോൾ എത്ര മഞ്ചാടിയുണ്ടു്?

1  7 8

1 മഞ്ചാടി + 7 മഞ്ചാടി = 8 മഞ്ചാടി.

അഭ്യാസം 49.


1. ഒരു പറമ്പിൽ ഒരു മാവും 7 തെങ്ങും ഉണ്ടു്. എന്നാൽ ആകെ പറമ്പിലുള്ള വൃക്ഷങ്ങൾ എത്ര?

2. ഒരു തോണിയിൽ ഒരു സ്ത്രീയും 7 പുരുഷ

ന്മാരും ഉണ്ടു്. എന്നാൽ ആകെ തോണിയിലുള്ളവർ എത്ര?

3. ഒരു അലമാറിയിൽ ഒരു ഇംഗ്ലീഷുപുസ്തകവും 7 മലയാളപുസ്തകവും ഉണ്ടു്. എന്നാൽ ആകെ അലമാറിയിലുള്ള പുസ്തകങ്ങൾ എത്ര?

ഞാൻ 2 മഞ്ചാടി എടുക്കും. ഇനി 7 എണ്ണം കൂടി എടുക്കും. അവയെ ചേർത്തു വയ്ക്കും. ഇപ്പോൾ എത്ര മഞ്ചാടിയുണ്ടു്?




2 മഞ്ചാടി+7 മഞ്ചാടി=9 മഞ്ചാടി.


അഭ്യാസം 50.

1. ഒരു കാളവണ്ടിയിൽ 2 പുരുഷന്മാരും 7 സ്ത്രീകളും ഉണ്ടു്. എന്നാൽ ആകെ വണ്ടിയിലുള്ള ആളുകൾ എത്ര?

2. അപ്പുവിനു് 2 വയസ്സും അമ്മുവിനു് 7 വയസ്സും പ്രായമുണ്ടു്. എന്നാൽ രണ്ടുപേർക്കും കൂടി വയസ്സെത്ര?

3. അച്ഛൻ കമലത്തിനു് 2 നേന്ത്രപ്പഴം കൊടുത്തു. അമ്മ അവൾക്കു് 7 നേന്ത്രപ്പഴം കൊടുത്തു. എന്നാൽ ആകെ അവൾക്കു കിട്ടിയ നേന്ത്രപ്പഴമെത്ര?

ബാലൻ 3 മഞ്ചാടി എടുക്കും. ഇനി 7 എണ്ണംകൂടി എടുക്കും. അവയെ ചേർത്തുവയ്ക്കും. ഇപ്പോൾ എത്ര മഞ്ചാടിയുണ്ടു്?




3മഞ്ചാടി+7മഞ്ചാടി=10മഞ്ചാടി.


## അഭ്യാസം 51.

1. എന്റെ വലത്തുകയ്യിൽ 8 പനിനീർപ്പൂവും ഇടത്തുകയ്യിൽ 7 പനിനീർപ്പൂവും ഉണ്ടു്. എന്നാൽ രണ്ടു കയ്യിലുംകൂടിയുള്ള പനിനീർപ്പൂവെത്ര?

2. അമ്മു 3 കല്ലും അമ്മാളു 7 കല്ലും പെറുക്കിക്കൊണ്ടുവന്നു. എന്നാൽ രണ്ടുപേരുംകൂടി പെറുക്കിക്കൊണ്ടുവന്ന കല്ലെത്ര?

3. ഒരു തെങ്ങിൽനിന്നു 3 ഇളനീരും വേറൊരു തെങ്ങിൽനിന്നു 7 ഇളനീരും ഇട്ടു. എന്നാൽ ആകെ ഇട്ട ഇളനീർ എത്ര?

രാജം ഒരു മഞ്ചാടി എടുക്കൂ. 1 ഇനി 8 എണ്ണംകൂടി എടുക്കൂ. അവയെ ചേർത്തുവയ്ക്കൂ. ഇപ്പോൾ എത്ര മഞ്ചാടിയുണ്ടു്?


8 9

1 മഞ്ചാടി + 8 മഞ്ചാടി = 9 മഞ്ചാടി.


## അഭ്യാസം 52.

1. രാജത്തിനു് ഒരു ചെമ്പകപ്പൂവും രോസ്സുയ്ക്കു് 8 ചെമ്പകപ്പൂവും കൊടുപ്പാൻ ആകെ എത്ര പൂക്കൾ വേണം?

2. ഒരു കടത്തിൽ ഒരു ഇടങ്ങഴി തൈരു് ഉണ്ടു്. അതിൽ 8 ഇടങ്ങഴി തൈരുകൂടി ഒഴിച്ചാൽ കടത്തിൽ എത്ര ഇടങ്ങഴി തൈരുണ്ടാകും?

3. ഒരു പെട്ടിയിൽ ഒരു ഉറുപ്പികയുണ്ടു്. അതിൽ 8 ഉറുപ്പികകൂടി ഇട്ടാൽ പെട്ടിയിലുണ്ടാവുന്ന ഉറുപ്പികയെത്ര?

കുഞ്ഞൻ 2 മഞ്ചാടി എടുത്തു. ഇനി 8 എണ്ണംകൂടി എടുത്തു. അവയെ ചേർത്തുവെച്ചു. ഇപ്പോൾ എത്ര മഞ്ചാടിയുണ്ട്?




2 മഞ്ചാടി + 8 മഞ്ചാടി = 10 മഞ്ചാടി.


## അഭ്യാസം 53.

1. ഒരു വരിയിൽ 2 കുട്ടികളും വേറൊരു വരിയിൽ 8 കുട്ടികളും ഉണ്ട്. എന്നാൽ രണ്ടു വരിയിലും കൂടി കുട്ടികൾ എത്ര?

2 രാമൻ 2 പടക്കവും രാമചന്ദ്രൻ 8 പടക്കവും പൊട്ടിച്ചു. എന്നാൽ രണ്ടുപേരുംകൂടി പൊട്ടിച്ച പടക്കമെത്ര?

3. ജാനുവിനു 2 മാമ്പഴവും രാജാമണിക്കു് 8 മാമ്പഴവും കൊടുപ്പാൻ ആകെ എത്ര മാമ്പഴം വേണം?

അമ്മിണി ഒരു മഞ്ചാടി എടുത്തു. ഇനി 9 എണ്ണംകൂടി എടുത്തു. അവയെ ചേർത്തുവെച്ചു. ഇപ്പോൾ എത്ര മഞ്ചാടിയുണ്ട്?




1 മഞ്ചാടി + 9 മഞ്ചാടി = 10 മഞ്ചാടി.

## അഭ്യാസം 54

1. ദേവസ്സിക്കു് ഒരു മലയാളപ്പാട്ടും 9 തമിഴ്പാട്ടും അറിയാം. എന്നാൽ അയാൾക്കു് ആകെ അറിയാവുന്ന പാട്ടുകൾ എത്ര?

2. അപ്പുവിന്റെ കയ്യിൽ ഒരു ഗോലിയുണ്ട്.

ജ്യേഷ്ഠൻ അവനു 9 ഗോലി കൊടുത്തു. ഇപ്പോൾ അവന്റെ കൈയിലുള്ള ഗോലിയെത്ര?

8. ഒരു ചക്ക വറക്കാനും 9 ചക്ക കറിക്കും വേണം. എന്നാൽ ആകെ വേണ്ട ചക്കയെത്ര?

അഭ്യാസം 56.

1. രാമന്റെ കയ്യിൽ 8 ഗോലിയും കൃഷ്ണന്റെ കൈയിൽ 5 ഗോലിയും ഉണ്ടു്. എന്നാൽ രണ്ടുപേൎക്കുംകൂടി ഗോലിയെത്ര?

2. ഒരു ക്ലാസ്സിൽ 2 പെൺകുട്ടികളും 7 ആൺകുട്ടികളും ഉണ്ടു്. എന്നാൽ ആകെ ക്ലാസ്സിലുള്ള കുട്ടികൾ എത്ര?

3. ഒരു വീട്ടിൽ 5 പുരുഷന്മാരും 4 സ്ത്രീകളും ഉണ്ടു്. എന്നാൽ ആകെ വീട്ടിലുള്ള ജനങ്ങൾ എത്ര?

4. ഒരു മേശയുടെ വില 6 ഉറുപ്പിക. ഒരു കസേലയുടെ വില 3 ഉറുപ്പിക. എന്നാൽ രണ്ടിനുംകൂടി വിലയെന്തു്?

5. ഒരു കുടത്തിൽ 4 ഇടങ്ങഴി പാൽ ഉണ്ടു്. അതിൽ 4 ഇടങ്ങഴി പാൽകൂടി ഒഴിച്ചാൽ, കുടത്തിൽ എത്ര ഇടങ്ങഴി പാൽ ഉണ്ടാകും?

6. അപ്പുവിനു 5 പന്തും അമ്മുവിനു 5 പന്തും കൊടുപ്പാൻ ആകെ എത്ര പന്തു വേണം?

7. രാമനു് ഒരു മാമ്പഴവും ഗോപിക്കു 9 മാമ്പഴവും കിട്ടി. എന്നാൽ രണ്ടുപേൎക്കുംകൂടി കിട്ടിയ മാമ്പഴം എത്ര?

8. തങ്കം 2 കുന്നിക്കുരുവും കുട്ടൻ 8 കുന്നിക്കുരുവും

കൊണ്ടുവന്നു. എന്നാൽ അവർ ആകെ കൊണ്ടുവന്ന കുന്നിക്കുരു എത്ര?

<u>മാതൃകാചോദ്യം</u>:— ഒരു പറമ്പിൽ 2 മാവും ഒരു പ്ലാവും 5 തെങ്ങും ഉണ്ടു്. എന്നാൽ ആകെ പറമ്പിലുള്ള വൃക്ഷങ്ങൾ എത്ര?

| | | |
|---|---|---|
| മാവു് | = 2 | 5-ം 1-ം 6 എന്നു് മനസ്സിൽ പറയുക. പിന്നെ 6-ം 2-ം 8 എന്നു് മനസ്സിൽ പറഞ്ഞു് '8 എന്നു് ഉത്തരം എഴുതുക. |
| പ്ലാവു് | = 1 | |
| തെങ്ങു് | = 5 | |
| ആകെ | = 8 | |

അഭ്യാസം 56.

1. ഒരു വീട്ടിൽ 2 പശുക്കളും 3 എരുമകളും ഒരു ആടും ഉണ്ടു്. എന്നാൽ ആകെ വീട്ടിലുള്ള മൃഗങ്ങൾ എത്ര?

2. അമ്മുവിനു് 3 ബിസ്കറ്റും കമലത്തിനു് 2 ബിസ്കറ്റും ജാനകിയ്ക്കു് 4 ബിസ്കറ്റും കൊടുപ്പാൻ ആകെ എത്ര ബിസ്കറ്റു വേണം?

3. ഒരു മുറിയിൽ ഒരു അലമാറിയും 3 കസേലയും 4 ബെഞ്ചും ഉണ്ടു്. എന്നാൽ ആകെ മുറിയിലുള്ള സാധനങ്ങൾ എത്ര?

4. ഒരു സദ്യയ്ക്കു് 5 ഇളവനും 2 ചേനയും 3 മത്തനും വാങ്ങിച്ചു. എന്നാൽ ആകെ വാങ്ങിച്ച സാധനങ്ങൾ എത്ര?

5. ഒരാൾ 2 ഉറുപ്പിക കൊടുത്തു് ഒരു കസേലയും ഒരു ഉറുപ്പിക കൊടുത്തു് ഒരു ബെഞ്ചും 6 ഉറു

പ്പിക കൊടുത്തു് ഒരു മേശയും വാങ്ങിച്ചു. എന്നാൽ അയാൾ ആകെ കൊടുത്ത ഉറുപ്പിക എത്ര?

സ്ലേറ്റിൽ എഴുതുക.

| ഒന്നു് | രണ്ടു് | മൂന്നു് | നാലു് | അഞ്ചു് | ആറു് | ഏഴു് | എട്ടു് | ഒമ്പതു് | പത്തു |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |

സങ്കലനം.


| | | | | |
|---|---|---|---|---|
| 1+1=2 | 1+2=3 | 1+3=4 | 1+4=5 | 1+5=6 |
| 2+1=3 | 2+2=4 | 2+3=5 | 2+4=6 | 2+5=7 |
| 3+1=4 | 3+2=5 | 3+3=6 | 3+4=7 | 3+5=8 |
| 4+1=5 | 4+2=6 | 4+3=7 | 4+4=8 | 4+5=9 |
| 5+1=6 | 5+2=7 | 5+3=8 | 5+4=9 | 5+5=10 |
| 6+1=7 | 6+2=8 | 6+3=9 | 6+4=10 | |
| 7+1=8 | 7+2=9 | 7+3=10 | | 1+6=7 |
| 8+1=9 | 8+2=10 | | 1+7=8 | 2+6=8 |
| 9+1=10 | | 1+8=9 | 2+7=9 | 3+6=9 |
| | 1+9=10 | 2+8=10 | 3+7=10 | 4+6=10 |

# അദ്ധ്യായം ൩.

## 10 മുതൽ 20 വരെ എണ്ണങ്ങൾ

### അഭ്യാസം 1.


1. താഴെ കാണുന്ന ചിത്രത്തിൽ ഓരോ കൂട്ടത്തിലും എത്ര മഞ്ചാടി വീതം ഉണ്ടെന്നു പറയുക.




ഇതിൽ ഏതു കൂട്ടത്തിലാണ് ഏററവും അധികം മഞ്ചാടിയുള്ളത്? ("10" എന്ന കൂട്ടത്തിൽ)

അപ്പോൾ ഏതു സംഖ്യയാണ് ഏററവും വലിയതു? (10)

2 താഴെ കാണുന്ന ചിത്രത്തിൽ എത്ര മഞ്ചാടിയുണ്ടെന്നു പറയുക.




നിങ്ങൾക്കു പറയുവാൻ അറിയുകയില്ലെങ്കിൽ ഞാൻ ഒരു സൂത്രം പറഞ്ഞു തരാം. നിങ്ങൾ പഠിച്ചിട്ടുള്ള ഏററവും വലിയ സംഖ്യയോടു ചേർത്തു പറയുക. (10 മഞ്ചാടിയും ഒരു മഞ്ചാടിയും അല്ലെങ്കിൽ പത്തു മഞ്ചാടിയുടെ കൂട്ടവും ഒരു ഒററ മഞ്ചാടിയും)


3. പത്തിൻെറ ഒരു കൂട്ടവും ഒരു ഒററയും കാണിക്കുവാനായി നാം ചുരുക്കത്തിൽ എങ്ങിനെ എഴുതുന്നു? (11)

4. "11"—ഈ സംഖ്യയെ നാം വായിക്കുന്നതു് എങ്ങിനെ? (പതിനൊന്നു്)

5. അപ്രകാരം തന്നെ പത്തിൻെറ ഒരു കൂട്ടവും 2 ഒററയും നാം ചുരുക്കത്തിൽ കാണിക്കുന്നതു് എങ്ങിനെ? (12)

താഴെ കാണുന്ന ചിത്രത്തിൽ ഓരോ കൂട്ടത്തിലും എത്ര മഞ്ചാടി വീതം ഉണ്ടെന്നു അക്കംകൊണ്ടു സൂചിപ്പിക്കുന്നു.



### അഭ്യാസം 2.

1. ഒരു പടലയിൽ 10 പഴവും വേറൊന്നിൽ 4 പഴവും ഉണ്ടു്. എന്നാൽ രണ്ടിലും കൂടിയുള്ള പഴമെത്ര?


2. ഒരു മേശയുടെ വില 10 ഉറുപ്പിക. ഒരു കസാലയുടെ വില 3 ഉറുപ്പിക. എന്നാൽ രണ്ടിന്റെയും കൂടി വിലയെന്തു്?

3. അമ്മുവിന്റെ കയ്യിൽ 10 പുളിങ്കുരുവും കമലത്തിന്റെ കയ്യിൽ 7 പുളിങ്കുരുവും ഉണ്ടു്. എന്നാൽ ആകെ അവരുടെ പക്കലുള്ള പുളിങ്കുരു എത്ര?

4. ഒരു തോടിയിൽ 10 തെങ്ങും 8 മാവും ഉണ്ടു്. എന്നാൽ ആകെ തോടിയിലുള്ള വൃക്ഷങ്ങൾ എത്ര?


## അദ്ധ്യായം ൪.

### 11 മുതൽ 20 വരെ എണ്ണങ്ങളെ പിരിച്ചു ചേൎക്കുക.

പതിനൊന്നു്  11

### അഭ്യാസം 1.


കള്ളികൾ വരച്ച കാർഡ്ബോർഡു കഷണങ്ങളും മഞ്ചാടിയും കൊടുത്തു ചെയ്യിക്കണം.



മഞ്ചാടി വച്ച 10 കള്ളികളും മഞ്ചാടി വയ്ക്കാത്ത ഒരു കള്ളിയും കൂടി 11 കള്ളികൾ.

$$10 + 1 = 11.$$

1. ഒരു പേനയുടെ വില 10 പൈ. ഒരു സ്ലേറ്റു പെൻസിലിന്റെ വില ഒരു പൈ എന്നാൽ രണ്ടിനും കൂടി വിലയെന്തു്.



മഞ്ചാടി വച്ച 9 കള്ളികളും മഞ്ചാടി വയ്ക്കാത്ത 2 കള്ളികളും കൂടി 11 കള്ളികൾ.

$$9 + 2 = 9 + 1 + 1 = 10 + 1 = 11.$$


2. ഒരു മാമ്പഴത്തിനു 9 പൈ വില. ഒരു ചെറുനാരങ്ങയ്ക്കു 2 പൈ വില. എന്നാൽ രണ്ടിനും കൂടി വിലയെന്തു്?

മഞ്ചാടി വച്ച 8 കള്ളികളും മഞ്ചാടി വയ്ക്കാത്ത 3 കള്ളികളും കൂടി 11 കള്ളികൾ.

$$8 + 3 = 8 + 2 + 1 = 10 + 1 = 11.$$



3. അപ്പു 8 പഴം തിന്നു. രാമൻ 3 പഴം തിന്നു എന്നാൽ രണ്ടു പേരും കൂടി തിന്ന പഴമെത്ര?




മഞ്ചാടി വച്ച 7 കള്ളികളും മഞ്ചാടി വയ്ക്കാത്ത 4 കള്ളികളും കൂടി 11 കള്ളികൾ.

$$7 + 4 = 7 + 3 + 1 = 10 + 1 = 11.$$

4. ഒരു പ്ലാവിൽ 7 ചക്കയും വേറൊ


ന്നിൽ 4 ചക്കയും ഉണ്ടു്. എന്നാൽ രണ്ടിലുംകൂടി-യുള്ള ചക്കയെത്ര?



മഞ്ചാടി വച്ച 6 കള്ളികളും മഞ്ചാടി വയ്ക്കാത്ത 5 കള്ളികളുംകൂടി 11 കള്ളികൾ.

$6 + 5 = 6 + 4 + 1 = 10 + 1 = 11.$


5. ഒരു വീട്ടിൽ 6 പുരുഷന്മാരും 5 സ്ത്രീകളും ഉണ്ടു്. എന്നാൽ ആകെ ആ വീട്ടിലുള്ള ആളുകൾ എത്ര?



മഞ്ചാടി വച്ച 5 കള്ളികളും മഞ്ചാടി വയ്ക്കാത്ത 6 കള്ളികളുംകൂടി 11 കള്ളികൾ.

$5 + 6 = 5 + 5 + 1 = 10 + 1 = 11.$


6. ഒരു ബഞ്ചിൽ 5 കുട്ടികളും വേറൊന്നിൽ 6 കുട്ടികളും ഇരിക്കുന്നുണ്ടു്. എന്നാൽ രണ്ടു ബഞ്ചിലും കൂടി ഇരിക്കുന്ന കുട്ടികൾ എത്ര?



മഞ്ചാടി വച്ച 4 കള്ളികളും മഞ്ചാടി വയ്ക്കാത്ത 7 കള്ളികളുംകൂടി 11 കള്ളികൾ

$4 + 7 = 4 + 6 + 1 = 10 + 1 = 11.$


7. ഒരു പെട്ടിയിൽ 4 പന്തുണ്ടു്. അതിൽ 7 പന്തു കൂടി ഇട്ടാൽ പെട്ടിയിൽ എത്ര പന്തുണ്ടാകും?



മഞ്ചാടി വച്ച 3 കള്ളികളും മഞ്ചാടി വയ്ക്കാത്ത 8 കള്ളികളുംകൂടി 11 കള്ളികൾ.

$$3 + 8 = 3 + 7 + 1 = 10 + 1 = 11.$$


8. രാമന്റെ കൈയിൽ 3 ഗോലിയുണ്ട്. അവന്റെ അച്ഛൻ അവന് 8 ഗോലി കൊടുത്തു. എന്നാൽ ആകെ രാമന്റെ കൈയിലുള്ള ഗോലിയെത്ര?



മഞ്ചാടി വച്ച 2 കള്ളികളും മഞ്ചാടി വയ്ക്കാത്ത 9 കള്ളികളുംകൂടി 11 കള്ളികൾ.

$$2 + 9 = 2 + 8 + 1 = 10 + 1 = 11.$$

9. അമ്മ തങ്കത്തിന് 2 ബിസ്കറ്റും ജാനുവിന് 9 ബിസ്കറ്റും കൊടുത്തു. എന്നാൽ ആകെ അമ്മ കൊടുത്ത ബിസ്കറ്റ് എത്ര?




മഞ്ചാടി വച്ച ഒരു കള്ളിയും മഞ്ചാടി വയ്ക്കാത്ത 10 കള്ളികളുംകൂടി 11 കള്ളികൾ.

$$1 + 10 = 1 + 9 + 1 = 10 + 1 = 11.$$


10 ഒരു കുടത്തിൽ ഒരു ഇടങ്ങഴി തൈരുണ്ട്. അതിൽ 10 ഇടങ്ങഴി തൈരു കൂടി ഒഴിച്ചാൽ, കുടത്തിൽ എത്ര ഇടങ്ങഴി തൈര് ഉണ്ടാകും?

പന്ത്രണ്ട്



12


## അഭ്യാസം 2.



മഞ്ചാടി വച്ച 10 കള്ളികളും മഞ്ചാടി വയ്ക്കാത്ത 2 കള്ളികളും കൂടി 12 കള്ളികൾ.

$$10 + 2 = 12.$$


1. ഒരു തൊഴുത്തിൽ 10 പശുക്കളും 2 എരുമകളും ഉണ്ടു്. എന്നാൽ ആകെ തൊഴുത്തിലുള്ള മൃഗങ്ങൾ എത്ര?



മഞ്ചാടി വച്ച 9 കള്ളികളും മഞ്ചാടി വയ്ക്കാത്ത 3 കള്ളികളും കൂടി 12 കള്ളികൾ.

$$9+3 = 9+1+2 = 10+2 = 12.$$


2. ഒരു പറമ്പിൽ 9 തെങ്ങും 3 കവുങ്ങും ഉണ്ടു്. എന്നാൽ ആകെ പറമ്പിലുള്ള വൃക്ഷങ്ങൾ എത്ര?



മഞ്ചാടി വച്ച 8 കള്ളികളും മഞ്ചാടി വയ്ക്കാത്ത 4 കള്ളികളും കൂടി 12 കള്ളികൾ.

$$8+4 = 8+2+2 = 10+2 = 12.$$

3. ഒരു വീട്ടിൽ 8 പുരുഷന്മാരും 4 സ്ത്രീകളും ഉണ്ടു്. എന്നാൽ ആകെ ആ വീട്ടിലുള്ള ജനങ്ങൾ എത്ര?




മഞ്ചാടി വച്ച 7 കള്ളികളും മഞ്ചാടി വയ്ക്കാത്ത 5 കള്ളികളും കൂടി 12 കള്ളികൾ.

$$7+5 = 7+3+2 = 10+2 = 12.$$

4. ഒരു മുറിയിൽ 7 ബെഞ്ചും 5 കസേ


ലയും ഉണ്ടു്. എന്നാൽ ആകെ ആ മുറിയിലുള്ള സാധനങ്ങൾ എത്ര?



മഞ്ചാടി വച്ചു 6 കള്ളികളും മഞ്ചാടി വയ്ക്കാത്ത 6 കള്ളികളും കൂടി 12 കള്ളികൾ.

$6+6=6+4+2=10+2=12.$

5. രാമയ്ക്കു് അവളുടെ അമ്മ 6 പഴം കൊടുത്തു. അച്ഛൻ അവൾക്കു് 6 പഴം കൊടുത്തു. എന്നാൽ രണ്ടുപേരും കൂടി കൊടുത്തതെത്ര?




മഞ്ചാടി വച്ചു 5 കള്ളികളും മഞ്ചാടി വയ്ക്കാത്ത 7 കള്ളികളും കൂടി 12 കള്ളികൾ.

$5+7=5+5+2=10+2=12.$

6. ഒരു ക്ലാസ്സിൽ 5 ആൺകുട്ടികളും 7 പെൺകുട്ടികളും ഉണ്ടു്. എന്നാൽ ആകെ ആ ക്ലാസ്സിലുള്ള കുട്ടികൾ എത്ര?

മഞ്ചാടി വച്ചു 4 കള്ളികളും മഞ്ചാടി വയ്ക്കാത്ത 8 കള്ളികളും കൂടി 12 കള്ളികൾ.



$4+8=4+6+2=10+2=12.$

7. ഒരു പീടികയിൽ 4 പഴുത്ത ചക്കയും 8 പച്ചച്ചക്കയും ഉണ്ടു്. എന്നാൽ ആകെ പീടികയിലുള്ള ചക്കയെത്ര?




മഞ്ചാടി വച്ചു 3 കള്ളികളും മഞ്ചാടി വയ്ക്കാത്ത 9 കള്ളികളും കൂടി 12 കള്ളികൾ.

$3+9=3+7+2=10+2=12.$

8. ഒരു സഞ്ചിയിൽ 3 ഉറുപ്പികയുണ്ടു്.


അതിൽ 9 ഉറുപ്പികകൂടി ഇട്ടാൽ സഞ്ചിയിൽ എത്ര ഉറുപ്പിക ഉണ്ടാകും?




മഞ്ചാടി വച്ച 2 കള്ളികളും മഞ്ചാടി വയ്ക്കാത്ത 10 കള്ളികളുംകൂടി 12 കള്ളികൾ.

2+10 = 2+8+2 = 10+2 = 12.

9. തങ്കത്തിന്റെ കൈയിൽ 2 പുളിങ്കുരുവും അമ്മുവിന്റെ കൈയിൽ 10 പുളിങ്കുരുവും ഉണ്ടു്. എന്നാൽ ആകെ അവരുടെ പക്കലുള്ള പുളിങ്കുരു എത്ര?

പതിമൂന്നു്  13


## അഭ്യാസം 8.



മഞ്ചാടി വച്ച 10 കള്ളികളും മഞ്ചാടി വയ്ക്കാത്ത 3 കള്ളികളും കൂടി 13 കള്ളികൾ.

10 + 3 = 13.

1. ഒരു വരിയിൽ 10 കുട്ടികളും വേറൊരു വരിയിൽ 3 കുട്ടികളും ഉണ്ടു്. എന്നാൽ രണ്ടു വരിയിലുംകൂടി കുട്ടികൾ എത്ര?




മഞ്ചാടിവച്ച 9 കള്ളികളും മഞ്ചാടി വയ്ക്കാത്ത 4 കള്ളികളും കൂടി 13 കള്ളികൾ.

9+4 = 9+1+3 = 10+3 = 13.

2. ജാനു 9 കന്നിക്കുരുവും അമ്മു 4 ക


നിക്കരവും കൊണ്ടുവന്നു. എന്നാൽ രണ്ടുപേരുംകൂടി കൊണ്ടുവന്നതെത്ര?



മഞ്ചാടിവച്ച 8 കള്ളികളും മഞ്ചാടി വയ്ക്കാത്ത 5 കള്ളികളുംകൂടി 13 കള്ളികൾ.

$8+5 = 8+2+3 = 10+3 = 13.$


3. രാമനു 8 വയസ്സും ഗോപിയ്ക്കു 5 വയസ്സും പ്രായമുണ്ട്. എന്നാൽ രണ്ടുപേൎക്കുംകൂടി വയസ്സെത്ര?



മഞ്ചാടിവച്ച 7 കള്ളികളും മഞ്ചാടി വയ്ക്കാത്ത 6 കള്ളികളുംകൂടി 13 കള്ളികൾ.

$7 + 6 = 7 + 3 + 3 = 10 + 3 = 13.$


4. എന്റെ വലത്തുകയ്യിൽ 7 ഗോലിയും ഇടത്തുകയ്യിൽ 6 ഗോലിയും ഉണ്ട്. എന്നാൽ എന്റെ രണ്ടുകയ്യിലുംകൂടിയുള്ള ഗോലിയെത്ര?



മഞ്ചാടിവച്ച 6 കള്ളികളും മഞ്ചാടി വയ്ക്കാത്ത 7 കള്ളികളുംകൂടി 13 കള്ളികൾ.

$6 + 7 = 6 + 4 + 3 = 10 + 3 = 13.$

5. ഒരു പെട്ടിയിൽ 6 പന്തും വേറൊരു പെട്ടിയിൽ 7 പന്തും ഉണ്ട്. എന്നാൽ രണ്ടു പെട്ടിയിലുംകൂടി പന്ത് എത്ര?




മഞ്ചാടിവച്ച 5 കള്ളികളും മഞ്ചാടി വയ്ക്കാത്ത 8 കള്ളികളുംകൂടി 13 കള്ളികൾ.

$5 + 8 = 5 + 5 + 3 = 10 + 3 = 13$

6. ഒരു കസേലയ്ക്കു 5 ഉറുപ്പിക വില.


ഒരു മേശയ്ക്കു് 8 ഉറുപ്പിക വില. എന്നാൽ രണ്ടിനും കൂടി വിലയെന്തു്?



മഞ്ചാടി വച്ച 4 കള്ളികളും മഞ്ചാടി വയ്ക്കാത്ത 9 കള്ളികളും കൂടി 13 കള്ളികൾ.

$4 + 9 = 4 + 6 + 3 = 10 + 3 = 13.$

7. ഒരു ക്ലാസ്സിൽ 4 പെൺകുട്ടികളും 9 ആൺകുട്ടികളും ഉണ്ടു്. എന്നാൽ ആകെ ക്ലാസ്സിലുള്ള കുട്ടികൾ എത്ര?




മഞ്ചാടിവച്ച 3 കള്ളികളും മഞ്ചാടി വയ്ക്കാത്ത 10 കള്ളികളുംകൂടി 13 കള്ളികൾ.

$3 + 10 = 3 + 7 + 3 = 10 + 3 = 13.$


8. ഒരു വീട്ടിൽ 3 സ്ത്രീകളും 10 പുരുഷന്മാരും ഉണ്ടു്. എന്നാൽ ആകെ ആ വീട്ടിലുള്ള ആളുകൾ എത്ര?

പതിനാലു്



14

അഭ്യാസം 4.




മഞ്ചാടിവച്ച 10 കള്ളികളും മഞ്ചാടിവയ്ക്കാത്ത 4 കള്ളികളുംകൂടി 14 കള്ളികൾ.

$10 + 4 = 14.$

1. ഒരു ബെഞ്ചിൽ 10 കുട്ടികൾ ഉണ്ടു്. വേറൊരു ബെഞ്ചിൽ 4 കുട്ടികൾ ഉണ്ടു്. എന്നാൽ


രണ്ടിലുംകൂടി കുട്ടികൾ എത്ര?



മഞ്ചാടിവച്ച 9 കള്ളികളും മഞ്ചാടി വയ്ക്കാത്ത 5 കള്ളികളുംകൂടി 14 കള്ളികൾ.

9 + 5 = 9 + 1 + 4 = 10 + 4 = 14.


2. അമ്മുവിൻെറ വലത്തുകയ്യിൽ 9 ഗോലിയും ഇടത്തുകയ്യിൽ 5 ഗോലിയും ഉണ്ടു്. എന്നാൽ അവളുടെ പക്കലുള്ള ഗോലിയെത്ര?



മഞ്ചാടി വച്ച 8 കള്ളികളും മഞ്ചാടി വയ്ക്കാത്ത 6 കള്ളികളും കൂടി 14 കള്ളികൾ.

8 + 6 = 8 + 2 + 4 = 10 + 4 = 14.


3. രാമനു് 8 മാമ്പഴവും ഗോവിന്ദനു് 6 മാമ്പഴവും കിട്ടി. എന്നാൽ രണ്ടുപേൎക്കുംകൂടി കിട്ടിയ മാമ്പഴമെത്ര?



മഞ്ചാടിവച്ച 7 കള്ളികളും മഞ്ചാടി വയ്ക്കാത്ത 7 കള്ളികളുംകൂടി 14 കള്ളികൾ.

7 + 7 = 7 + 3 + 4 = 10 + 4 = 14.

4. ഒരു സഞ്ചിയിൽ 7 ഉറുപ്പികയുണ്ടു്. അതിൽ 7 ഉറുപ്പിക കൂടി ഇട്ടാൽ, സഞ്ചിയിൽ എത്ര ഉറുപ്പിക ഉണ്ടാകും?




മഞ്ചാടിവച്ച 6 കള്ളികളും മഞ്ചാടി വയ്ക്കാത്ത 8 കള്ളികളും കൂടി 14 കള്ളികൾ.

6 + 8 = 6 + 4 + 4 = 10 + 4 = 14.

5. ഒരു ക്ലാസ്സിൽ 6 ആൺകുട്ടികളും 8


പെൺകുട്ടികളും ഉണ്ടു്. എന്നാൽ ആകെ ക്ലാസ്സിലുള്ള കുട്ടികൾ എത്ര?



മഞ്ചാടിവച്ച 5 കള്ളികളും മഞ്ചാടി വയ്ക്കാത്ത 9 കള്ളികളുംകൂടി 14 കള്ളികൾ.

$5 + 9 = 5 + 5 + 4 = 10 + 4 = 14.$

6. ഒരു പെട്ടിയിൽ 5 കുപ്പിവളകളും 9 റബ്ബർ വളകളും ഉണ്ടു്. എന്നാൽ ആകെ പെട്ടിയിലുള്ള വളകൾ എത്ര?




മഞ്ചാടിവച്ച 4 കള്ളികളും മഞ്ചാടി വയ്ക്കാത്ത 10 കള്ളികളുംകൂടി 14 കള്ളികൾ.

$4 + 10 = 4 + 6 + 4 = 10 + 4 = 14$


7. ഒരു കൊട്ടയിൽ 4 മത്തനും 10 ഇളവനും ഉണ്ടു്. എന്നാൽ ആകെ കൊട്ടയിലുള്ള എണ്ണമെത്ര?

പതിനഞ്ചു്



15

അഭ്യാസം 5.




മഞ്ചാടിവച്ച 10 കള്ളികളും മഞ്ചാടി വയ്ക്കാത്ത 5 കള്ളികളുംകൂടി 15 കള്ളികൾ.

$10 + 5 = 15.$

1. ഒരു സഞ്ചിയിൽ 10 ഗോലിയുണ്ടു്.


അതിൽ 5 ഗോലികൂടി ഇട്ടാൽ ആകെ എത്രഗോലി യുണ്ടാകും?



മഞ്ചാടിവച്ച 9 കള്ളികളും മഞ്ചാടി വയ്ക്കാത്ത 6 കള്ളികളുംകൂടി 15 കള്ളികൾ.

$9 + 6 = 9 + 1 + 5 = 10 + 5 = 15.$


2. ഒരു പറമ്പിൽ 9 തെങ്ങും 6 കവുങ്ങും ഉണ്ട്. എന്നാൽ ആകെ പറമ്പിലുള്ള വൃക്ഷങ്ങൾ എത്ര?



മഞ്ചാടിവച്ച 8 കള്ളികളും മഞ്ചാടി വയ്ക്കാത്ത 7 കള്ളികളുംകൂടി 15 കള്ളികൾ.

$8 + 7 = 8 + 2 + 5 = 10 + 5 = 15.$


3 ഒരു മേശയുടെ വില 8 ഉറുപ്പിക. ഒരു കസേലയുടെ വില 7 ഉറുപ്പിക. എന്നാൽ രണ്ടിനുംകൂടി വിലയെന്ത്?



മഞ്ചാടിവച്ച 7 കള്ളികളും മഞ്ചാടി വയ്ക്കാത്ത 8 കള്ളികളുംകൂടി 15 കള്ളികൾ.

$7 + 8 = 7 + 3 + 5 = 10 + 5 = 15.$

4 അമ്മു 7 മല്ലപ്പൂമാലയും അമ്മാളു 8 മല്ലപ്പൂമാലയും കെട്ടി. എന്നാൽ അവർ ആകെ കെട്ടിയ മാലയെത്ര?




മഞ്ചാടിവച്ച 6 കള്ളികളും മഞ്ചാടി വയ്ക്കാത്ത 9 കള്ളികളുംകൂടി 15 കള്ളികൾ.

$6 + 9 = 6 + 4 + 5 = 10 + 5 = 15.$

5. ഒരു പറമ്പിൽ 6 പശുക്കളും 9 ആട്


കളും മേഞ്ഞുകൊണ്ടിരുന്നു. എന്നാൽ ആകെ മേഞ്ഞു കൊണ്ടിരുന്ന മൃഗങ്ങൾ എത്ര?




മഞ്ചാടിവച്ച 5 കള്ളികളും മഞ്ചാടിവയ്ക്കാത്ത 10 കള്ളികളുംകൂടി 15 കള്ളികൾ.

$5 + 10 = 5 + 5 + 5 = 10 + 5 = 15.$

6. മാധവനു് 5 പാവുമുണ്ടും 10 തോർത്തുമുണ്ടും ഉണ്ടു്. എന്നാൽ ആകെ അവന്റെ മുണ്ടുകൾ എത്ര?

പതിനാറു്  16


അഭ്യാസം 6.



മഞ്ചാടിവച്ച 10 കള്ളികളും മഞ്ചാടി വയ്ക്കാത്ത 6 കള്ളികളുംകൂടി 16 കള്ളികൾ.

$10 + 6 = 16.$

1 എന്റെ വലത്തുകയ്യിൽ 10 പുളിങ്കുരുവും ഇടത്തുകയ്യിൽ 6 പുളിങ്കുരുവും ഉണ്ടു്. എന്നാൽ ആകെ എന്റെ പക്കലുള്ള പുളിങ്കുരുവെത്ര?




മഞ്ചാടി വച്ച 9 കള്ളിയും മഞ്ചാടി വയ്ക്കാത്ത 7 കള്ളികളും കൂടി 16 കള്ളികൾ.

$9 + 7 = 9 + 1 + 6 = 10 + 6 = 16.$

2. ഒരാൾക്കു് 9 വണ്ടിക്കുതിരകളും 7


പന്തയക്കുതിരകളും ഉണ്ടു്. എന്നാൽ ആകെ അയാൾ
ക്കു് എത്ര കുതിരകൾ ഉണ്ടു്?



മഞ്ചാടിവച്ച 8 കള്ളികളും മഞ്ചാടിവ
യ്ക്കാത്ത 8 കള്ളികളുംകൂടി 16 കള്ളികൾ.

8 + 8 = 8 + 2 + 6 = 10 + 6 = 16.


3. എന്റെ കയ്യിൽ 8 ഇംഗ്ലീഷുപുസ്ത
കവും 8 മലയാളപുസ്തകവും ഉണ്ടു്. എന്നാൽ ആകെ
എന്റെ പക്കലുള്ള പുസ്തകമെത്ര?



മഞ്ചാടിവച്ച 7 കള്ളികളും മഞ്ചാടിവ
യ്ക്കാത്ത 9 കള്ളികളുംകൂടി 16 കള്ളികൾ.

7 + 9 = 7 + 3 + 6 = 10 + 6 = 16.


4. ഒരു പ്ലാവിൽ 7 ചക്കയും വേറൊ
ന്നിൽ 9 ചക്കയും ഉണ്ടു്. എന്നാൽ രണ്ടു പ്ലാവിലും
കൂടിയുള്ള ചക്കയെത്ര?




മഞ്ചാടിവച്ച 6 കള്ളികളും മഞ്ചാടിവ
യ്ക്കാത്ത 10 കള്ളികളുംകൂടി 16 കള്ളികൾ.

6 + 10 = 6 + 4 + 6 = 10 + 6 = 16.

5. തങ്കം 7 വരി കോപ്പിയും അപ്പു 10
വരി കോപ്പിയും എഴുതി. എന്നാൽ രണ്ടുപേരുംകൂടി
എഴുതിയ വരിയെത്ര?




## അദ്ധ്യായം 7.



മഞ്ചാടിവച്ച 10 കള്ളികളും മഞ്ചാടി വയ്ക്കാത്ത 7 കള്ളികളുംകൂടി 17 കള്ളികൾ

$10 + 7 = 17.$


1 കുട്ടന് 10 ബിസ്ക്കറ്റും കുട്ടപ്പന് 7 ബിസ്ക്കറ്റും കൊടുപ്പാൻ ആകെ എത്ര ബിസ്ക്കറ്റ വേണം?



മഞ്ചാടിവച്ച 9 കള്ളികളും മഞ്ചാടി വയ്ക്കാത്ത 8 കള്ളികളുംകൂടി 17 കള്ളികൾ.

$9+8=9+1+7=10+7=17.$


2. ഒരു കൊട്ടയിൽ 9 മാമ്പഴം ഉണ്ട്. അതിൽ 8 മാമ്പഴംകൂടി ഇട്ടാൽ ആകെ എത്ര മാമ്പഴം ഉണ്ടാകും?



മഞ്ചാടിവച്ച 8 കള്ളികളും മഞ്ചാടി വയ്ക്കാത്ത 9 കള്ളികളും കൂടി 17 കള്ളികൾ.

$8+9=8+2+7=10+7=17.$

3. ഒരു വീട്ടിൽ 8 ശീലക്കുടയും 9 ഓലക്കുടയും ഉണ്ട്. എന്നാൽ ആകെ ആ വീട്ടിലുള്ള കുടകൾ എത്ര?




മഞ്ചാടിവച്ച 7 കള്ളികളും മഞ്ചാടി വയ്ക്കാത്ത 10 കള്ളികളും കൂടി 17 കള്ളികൾ.

$7+10=7+3+7=10+7=17.$

4. ഒരു കാളക്കുട്ടിയ്ക്ക് 7 ഉറപ്പിക


വില. ഒരു ആടിനു് 10 ഉറുപ്പിക വില. എന്നാൽ രണ്ടിനുംകൂടി വിലയെന്തു്?

പതിനെട്ടു്



18


## അഭ്യാസം 8.



മഞ്ചാടി വച്ച 10 കള്ളികളും മഞ്ചാടി വയ്ക്കാത്ത 8 കള്ളികളുംകൂടി 18 കള്ളികൾ.

$$10 + 8 = 18$$


ഒരു ബസ്സിൽ 10 പുരുഷന്മാരും 8 സ്ത്രീകളും ഉണ്ടു്. എന്നാൽ ആകെ ബസ്സിലുള്ള ആളുകൾ എത്ര?



മഞ്ചാടി വച്ച 9 കള്ളികളും മഞ്ചാടി വയ്ക്കാത്ത 9 കള്ളികളുംകൂടി 18 കള്ളികൾ.

$$9+9=9+1+8=10+8=18.$$

2. ഒരു വീട്ടിൽ 9 പിച്ചളപ്പാത്രവും 9 ചെമ്പു പാത്രവും ഉണ്ടു്. എന്നാൽ ആകെ വീട്ടിലുള്ള പാത്രങ്ങൾ എത്ര?




മഞ്ചാടി വച്ച 8 കള്ളികളും മഞ്ചാടിവയ്ക്കാത്ത 10 കള്ളികളുംകൂടി 18 കള്ളികൾ.


$$8+10=8+2+8=10+8=18.$$

3 ഒരു പന്തലിൽ 8 മത്തനും വേറെ

ന്നിൽ 10 മത്തനും കാച്ചുനില്ക്കുന്നുണ്ടു്. എന്നാൽ രണ്ടു പന്തലിലും കൂടിയുള്ള മത്തൻ എത്ര?

പത്തൊമ്പതു്  19


അഭ്യാസം 9.



മഞ്ചാടിവച്ച 10 കള്ളികളും മഞ്ചാടിവയ്ക്കാത്ത 9 കള്ളികളും കൂടി 19 കള്ളികൾ.

$$10 + 9 = 19$$

1. വെള്ളത്തേടൻ 10 പാവാടയും 9 ഷർട്ടും അലക്കിക്കൊണ്ടുവന്നു. എന്നാൽ അയാൾ ആകെ കൊണ്ടുവന്ന എണ്ണമെത്ര?



മഞ്ചാടി വച്ച 9 കള്ളികളും മഞ്ചാടി വയ്ക്കാത്ത 10 കള്ളികളും കൂടി 19 കള്ളികൾ

$$9 + 10 = 9 + 1 + 9 = 10 + 9 = 19.$$

2. എന്റെ കോട്ടിനു് രണ്ടു കീശയുണ്ടു്. ഒരു കീശയിൽ 9 ഗോലിയും മറേറതിൽ 10 ഗോലിയും ഉണ്ടു്. എന്നാൽ ആകെ കീശയിലുള്ള ഗോലിയെത്ര?

അഭ്യാസം 10.

1. ഒരു കസേലയുടെ വില 4 ഉറുപ്പിക. ഒരു മേശയുടെ വില 9 ഉറുപ്പിക. എന്നാൽ രണ്ടിനും കൂടി വിലയെന്തു്?

2. ഒരു പെട്ടിയിൽ 3 പന്തും വേറൊന്നിൽ 8 പന്തും ഉണ്ടു്. എന്നാൽ രണ്ടു പെട്ടിയിലും കൂടി യുള്ള പന്തു് എത്ര?

3. ഒരു പറമ്പിൽ 8 പ്ലാവും 7 മാവും ഉണ്ടു്. എന്നാൽ ആകെ പറമ്പിലുള്ള വൃക്ഷങ്ങൾ എത്ര?

4. രാധയുടെ കൈയിൽ 6 പുളിങ്കുരുവും അമ്മു വിൻെറ കൈയിൽ 10 പുളിങ്കുരുവും ഉണ്ടു്. എന്നാൽ ആകെ അവരുടെ കൈയിലുള്ള പുളിങ്കുരു എത്ര?

5. രാമനു് 9 മാമ്പഴവും ഗോപിയ്ക്കു് 8 മാമ്പ ഴവും കിട്ടി. എന്നാൽ രണ്ടു പേൎക്കും കൂടി കിട്ടിയ മാമ്പഴമെത്ര?

6. ഒരു സഞ്ചിയിൽ 5 ഉറപ്പികയുണ്ടു്. അതിൽ 8 ഉറപ്പിക കൂടി ഇട്ടാൽ, ആകെ എത്ര ഉറപ്പിക ആവും?

7. ഒരു ക്ലാസ്സിൽ 6 ആൺകുട്ടികളും 8 പെൺ കുട്ടികളും ഉണ്ടു്. എന്നാൽ ആകെ ക്ലാസ്സിലുള്ള കുട്ടി കൾ എത്ര?

8. ഒരു തോട്ടിയിൽ 9 നേന്ത്രവാഴയും 7 പൂ വൻ വാഴയും കുലച്ചിട്ടുണ്ടു്. എന്നാൽ ആകെ കുല ച്ച വാഴകൾ എത്ര?

9. മേരിയ്ക്കു് 7 പനിനീർപ്പൂവും മറിയത്തി നു് 7 പനിനീർപ്പൂവും കൊടുപ്പാൻ ആകെ എത്ര പ നിനീർപ്പൂവു വേണം?

10. ഒരു ബസ്സിൽ 5 സ്ത്രീകളും 6 പുരുഷന്മാരും ഉണ്ടു്. എന്നാൽ ആകെ ബസ്സിലുള്ള ആളുകൾ എത്ര

11. ഒരു സേല്യയ്ക്കു് ആദ്യം 8 പറ അരി വച്ചു.

പിന്നീട് 5 പാ അരി കൂടി വച്ചു. എന്നാൽ ആകെ സഞ്ചിയിൽ വച്ച അരിയെത്ര?

<u>മാതൃകാചോദ്യം</u>:— ഒരു തൊഴുത്തിൽ 7 പശുക്കളും 2 ആടുകളും 8 എരുമകളും ഉണ്ട്. എന്നാൽ ആകെ തൊഴുത്തിലുള്ള മൃഗങ്ങൾ എത്ര?

| | | |
|---|---|---|
| പശുക്കൾ | = 7 | 8 ഉം 2-ഉം, 10 എന്നു മനസ്സിൽ പറയുക പിന്നെ 10 ഉം 7-ഉം, 17 എന്ന് മനസ്സിൽ പറഞ്ഞു "17" എന്നു ഉത്തരം എഴുതുക. |
| ആടുകൾ | = 2 | |
| എരുമകൾ | = 8 | |
| ആകെ | = 17 | |

അഭ്യാസം 11.

1. ഒരു പറമ്പിൽ 5 തെങ്ങും 3 കവുങ്ങും 7 പ്ലാവും ഉണ്ട്. എന്നാൽ ആകെ പറമ്പിലുള്ള വൃക്ഷങ്ങൾ എത്ര?

2. ഒരു മുറിയിൽ 6 കസേരകളും 2 ബെഞ്ചും 8 മേശകളും ഉണ്ട്. എന്നാൽ ആകെ മുറിയിലുള്ള സാധനങ്ങൾ എത്ര?

3. ഒരു അലമാറയിൽ 8 ഇംഗ്ലീഷുപുസ്തകവും 6 മലയാളപുസ്തകവും 4 തമിഴ് പുസ്തകവും ഉണ്ട്. എന്നാൽ ആകെ അലമാറിയിലുള്ള പുസ്തകങ്ങൾ എത്ര?

4. രാധയ്ക്ക് 4 ബിസ്കറ്റും ശങ്കരന് 7 ബിസ്കറ്റും ജാനകിന് 3 ബിസ്കറ്റും കൊടുപ്പാൻ ആകെ എത്ര ബിസ്കറ്റു വേണം?

5. അമ്മുവിന് 5 നെല്ലിക്കയും അപ്പുവിന് 4 നെല്ലിക്കയും ഗോപിക്ക് 6 നെല്ലിക്കയും കിട്ടി. എന്നാൽ ആകെ അവർക്കു കിട്ടിയ നെല്ലിക്കയെത്ര?

## സ്ലേററിൽ എഴുതുക.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |

## സങ്കലനം.


| | | | | |
|---|---|---|---|---|
| 10+1 =11 | 10+2 =12 | 10+3=13 | 10+4 =14 | 10+5 =15 |
| 9+2 =11 | 9+3 =12 | 9+4 =13 | 9+5 =14 | 9+6 =15 |
| 8+3 =11 | 8+4 =12 | 8+5 =13 | 8+6 =14 | 8+7 =15 |
| 7+4 =11 | 7+5 =12 | 7+6 =13 | 7+7 =14 | 7+8 =15 |
| 6+5 =11 | 6+6 =12 | 6+7 =13 | 6+8 =14 | 6+9 =15 |
| 5+6 =11 | 5+7 =12 | 5+8 =13 | 5+9 =14 | 5+10=15 |
| 4+7 =11 | 4+8 =12 | 4+9 =13 | 4+10=14 | 10+6 =16 |
| 3+8 =11 | 3+9 =12 | 3+10=13 | 10+7 =17 | 9+7 =16 |
| 2+9 =11 | 2+10=12 | 10+8=18 | 9+8 =17 | 8+8 =16 |
| 1+10=11 | 10+9 =19 | 9+9 =18 | 8+9 =17 | 7+9 =16 |
| | 9+10=19 | 8+10=18 | 7+10=17 | 6+10=16 |

## അദ്ധ്യായം ൫.

### 20 മുതൽ 100 വരെ പതിന്മടങ്ങുകൾ.


### അഭ്യാസം 1.

1. താഴെ കാണുന്ന ചിത്രത്തിൽ എത്ര മഞ്ചാടി വച്ചിരിക്കുന്നു എന്നു നോക്കി പറയുക.



(19)

2. ഞാൻ കുറെ മഞ്ചാടി വയ്ക്കാം. ആകെ എത്രയുണ്ടെന്നു പറയുവിൻ.



("പത്തു മഞ്ചാടിയും പത്തു മഞ്ചാടിയും" അല്ലെങ്കിൽ "രണ്ടു പത്തു്" മഞ്ചാടി)






3. ശരി. 2 പത്തിനെ നാം ചുരുക്കത്തിൽ എഴുതുന്നതു് "20" എന്നാകുന്നു.






4. "20"—എന്ന സംഖ്യയെ നാം "ഇരുപതു്" എന്നു വായിക്കുന്നു.

5. അപ്പോൾ ഇരുപതിൽ എത്ര പത്തുണ്ടു്? (2 പത്തു്)

6 അപ്രകാരം തന്നെ 3 പത്തു് കൂടിയതിനു് നാം "30" എന്നു് ചുരുക്കത്തിൽ എഴുതുന്നു.

7 താഴെ കാണുന്ന ചിത്രങ്ങളിൽ എത്ര മഞ്ചാടി വീതം ഉണ്ടെന്നു് അക്കം കൊണ്ടു സൂചിപ്പിക്കുന്നു

| | |
|---|---|
| 1 പത്തു്<br>10<br>പത്തു് |  |
| 2 പത്തു്<br>20<br>ഇരുപതു് |  |
| 3 പത്തു<br>30<br>മുപ്പതു് |  |
| 4 പത്തു്<br>40<br>നാല്പതു് |  |
| 5 പത്തു്<br>50<br>അയ്മ്പതു് |  |

| | |
|---|---|
| 6 പത്തു്<br>60<br>അറുപതു് |  |
| 7 പത്തു്<br>70<br>എഴുപതു് |  |
| 8 പത്തു്<br>80<br>എണ്പതു് |  |
| 9 പത്തു്<br>90<br>തൊണ്ണൂറു് |  |
| 10 പത്തു്<br>100<br>നൂറു് |  |

മാതൃകാചോദ്യം: ഒരു പള്ളിക്കൂടത്തിൽ 30 ആൺകുട്ടികളും 50 പെൺകുട്ടികളും പഠിക്കുന്നു. എന്നാൽ ആകെ ആ പള്ളിക്കൂടത്തിൽ പഠിക്കുന്ന കുട്ടികൾ എത്ര?

| | |
|---|---|
| ആൺകുട്ടികൾ = 30<br>പെൺകുട്ടികൾ = 50<br>∴ ആകെ കുട്ടികൾ = 80 | 30-ൽ 3 പത്തും 50-ൽ 5 പത്തും ഉണ്ടല്ലോ. 3 പത്തും 5 പത്തും കൂടിയാൽ 8 പത്താകും. 8 പത്തിനെ ‘8’ എന്നു എഴുതുന്നു. |

## അഭ്യാസം 2.

1. ഒരു തോട്ടത്തിൽ 40 തെങ്ങും 20 കവുങ്ങും ഉണ്ട്. എന്നാൽ ആകെ തോട്ടത്തിലുള്ള വൃക്ഷങ്ങൾ എത്ര?

2. ഒരു പശുവിന്റെ വില 50 ഉറുപ്പിക. ഒരു ആടിന്റെ വില 20 ഉറുപ്പിക. എന്നാൽ രണ്ടിനും കൂടി വിലയെന്ത്?

3. ഒരു ക്ലാസ്സിൽ 60 ആൺകുട്ടികളും 30 പെൺകുട്ടികളും പഠിക്കുന്നു. എന്നാൽ ആകെ ആ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ എത്ര?

4. ഒരു അലമാറിയിൽ 30 മലയാളപുസ്തകവും 50 ഇംഗ്ലീഷുപുസ്തകവും ഉണ്ട്. എന്നാൽ ആകെ അലമാറിയിലുള്ള പുസ്തകമെത്ര?

5. ഒരു വരിയിൽ 30 കുട്ടികളും വേറൊരു വരിയിൽ 70 കുട്ടികളും ഉണ്ട്. എന്നാൽ രണ്ടു വരിയിലും കൂടിയുള്ള കുട്ടികൾ എത്ര?

സ്ലേററിൽ എഴുതുക

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 10 | 20 | 30 | 40 | 50 | 60 | 70 | 80 | 90 | 100 |

സങ്കലനം.

| | | |
|---|---|---|
| 10+10 = 20 | 40+10 = 50 | 70+10 = 80 |
| 20+10 = 30 | 50+10 = 60 | 80+10 = 90 |
| 30+10 = 40 | 60+10 = 70 | 90+10 = 100 |

## അദ്ധ്യായം ൩.

### 20 മുതൽ 100 വരെ എണ്ണങ്ങൾ.

#### അഭ്യാസം 1.

1. ഒരു കൊട്ടയിൽ 10 മാമ്പഴം ഉണ്ടു്. അതിൽ ഒരു മാമ്പഴം കൂടി ഇട്ടാൽ, ആകെ എത്ര മാമ്പഴം ഉണ്ടാകും? (11)

2. ശാരദയുടെ കയ്യിൽ 10 മുല്ലമൊട്ടു് ഉണ്ടായിരുന്നു. കമലം അവൾക്കു 2 മുല്ലമൊട്ടു കൊടുത്തു. എന്നാൽ ശാരദയുടെ കയ്യിൽ ആകെ എത്ര മുല്ലമൊട്ടു് ഉണ്ടു്? (12)

3 രാമന്റെ കയ്യിൽ 10 നെല്ലിക്കയുണ്ടു്. ജ്യേഷ്ഠൻ അവനു 5 നെല്ലിക്ക കൊടുത്തു. ഇപ്പോൾ രാമന്റെ കയ്യിൽ എത്ര നെല്ലിക്കയുണ്ടു്? (15)

*

4 ഒരു പെട്ടിയിൽ 10 ഉറുപ്പികയുണ്ട്. 9 ഉറുപ്പിക കൂടി അതിൽ ഇട്ടാൽ, പെട്ടിയിൽ എത്ര ഉറുപ്പിക ഉണ്ടാകും? (19)

10 മുതൽ മേല്പോട്ട് എണ്ണുന്നതിന് 10 നോട് 1, 2, 3, മുതലായി 9 വരെ എണ്ണങ്ങളെ ചേർത്ത് 11, 12, 13 എന്നിങ്ങിനെ 19 വരെ എണ്ണാവുന്നതാണ്.

അഭ്യാസം 2.

1. ഒരു കൊട്ടയിൽ 19 മാമ്പഴം ഉണ്ട്. ഒരു മാമ്പഴം കൂടി അതിൽ ഇട്ടാൽ, കൊട്ടയിൽ ആകെ എത്ര മാമ്പഴം ഉണ്ടാകും? (20)

2 ഒരു ദിവസം രാമന് 20 കന്നിക്കുരു കിട്ടി. കൃഷ്ണന് ഒരു കന്നിക്കുരു കിട്ടി. എന്നാൽ രണ്ടുപേർക്കുംകൂടി കിട്ടിയ കന്നിക്കുരു എത്ര? (21)

3 അമ്മു 20 പ്ലാവില ശേഖരിച്ചു. അപ്പു 2 പ്ലാവില ശേഖരിച്ചു. എന്നാൽ രണ്ടുപേരും കൂടി ശേഖരിച്ച പ്ലാവിലയെത്ര? (22)

4. ഒരു ക്ലാസ്സിൽ 20 ആൺകുട്ടികളും 9 പെൺകുട്ടികളും ഉണ്ട്. എന്നാൽ ആകെ ആ ക്ലാസ്സിലുള്ള കുട്ടികൾ എത്ര? (29)

20 മുതൽ മേല്പോട്ട് എണ്ണുന്നതിന് 20 നോട് 1, 2, 3 മുതലായി 9 വരെ എണ്ണങ്ങളെ ചേർത്ത് 21, 22, 23 എന്നിങ്ങിനെ 29 വരെ എണ്ണാവുന്നതാണ്.

അഭ്യാസം 3.

1. അപ്പുവിന്റെ കൈയിൽ 29 പുളിങ്കുരു ഉണ്ട്. ഗോപി അവന് ഒരു പുളിങ്കുരു കൊടുത്തു. ഇപ്പോൾ അപ്പുവിനുള്ള പുളിങ്കുരു എത്ര? (30)

2. തങ്കത്തിനു 30 നെല്ലിക്ക കിട്ടി. ജാനു അവൾക്കു് ഒരു നെല്ലിക്ക കൊടുത്തു. ഇപ്പോൾ തങ്കത്തിന്റെ കയ്യിലുള്ള നെല്ലിക്കയെത്ര? (31)

3. അമ്മ മേറിയ്ക്കു് 30 ബിസ്കറ്റു് കൊടുത്തു. അച്ഛൻ അവൾക്കു് 4 ബിസ്കറ്റു് കൊടുത്തു. എന്നാൽ ആകെ മേറിയ്ക്കു് കിട്ടിയ ബിസ്കറ്റു് എത്ര? (34)

4. രാമനു 30 മാർക്കും കൃഷ്ണനു 9 മാർക്കും കിട്ടി. എന്നാൽ രണ്ടുപേർക്കുംകൂടി കിട്ടിയ മാർക്കു് എത്ര? (39)

30 മുതൽ മേല്പോട്ടു് എണ്ണുന്നതിനു 30 നോടു് 1, 2, 3 മുതലായി 9 വരെ എണ്ണങ്ങളെ ചേർത്തു് 31, 32, 33 എന്നിങ്ങിനെ 39 വരെ എണ്ണാവുന്നതാണു്.

ഇപ്രകാരം 40, 50, 60, 70, 80, 90 ഇവയോടും 1, 2, 3 മുതലായി 9 വരെ എണ്ണങ്ങളെ ചേർത്തിയാൽ ഉണ്ടാകുന്ന സംഖ്യ കുട്ടികളെക്കൊണ്ടുതന്നെ പറയിപ്പിക്കുക.

## അഭ്യാസം 4.

1. ഒരു തൊടിയിൽ 30 തെങ്ങും 6 കവുങ്ങും ഉണ്ടു്. എന്നാൽ ആകെ തൊടിയിലുള്ള വൃക്ഷങ്ങൾ എത്ര?

2. ഒരു കൊട്ടയിൽ 50 മധുരനാരങ്ങയുണ്ടു്. അതിൽ 7 മധുരനാരങ്ങകൂടി ഇട്ടാൽ, കൊട്ടയിൽ ആകെ എത്ര മധുരനാരങ്ങയുണ്ടാകും?

3. തങ്കത്തിന്റെ കൈയിൽ 60 കുന്നിക്കുരുവും കമലത്തിന്റെ കൈയിൽ 8 കുന്നിക്കുരുവും ഉണ്ടു്. എന്നാൽ രണ്ടുപേർക്കുംകൂടിയുള്ള കുന്നിക്കുരു എത്ര?

4. രാമൻ 70 മഞ്ചാടി പെറുക്കിക്കൊണ്ടുവന്നു. അപ്പു 5 മഞ്ചാടി പെറുക്കിക്കൊണ്ടു വന്നു. എന്നാൽ രണ്ടുപേരും കൂടി പെറുക്കിക്കൊണ്ടു വന്ന മഞ്ചാടി എത്ര?

5. ഒരു സഞ്ചിയിൽ 90 പുളിങ്കുരുവുണ്ടു്. അതിൽ 4 പുളിങ്കുരുകൂടി ഇട്ടാൽ, സഞ്ചിയിൽ എത്ര പുളിങ്കുരു ഉണ്ടാകും?

6. ഒരു എരുമയുടെ വില 90 ഉറുപ്പിക. ഒരു ആടിന്റെ വില 9 ഉറുപ്പിക. എന്നാൽ രണ്ടിനും കൂടി വിലയെന്തു്?

7. ഒരു ക്ലാസ്സിൽ 99 കുട്ടികൾ ഉണ്ടു്. ഒരു കുട്ടിയെക്കൂടി ചേർത്താൽ ക്ലാസ്സിൽ ആകെ എത്ര കുട്ടികൾ ഉണ്ടാകും?

### അഭ്യാസം ൫.

1. തങ്കം ഒന്നു മുതൽ 10 വരെ എണ്ണുക.
2. അമ്മു 10 മുതൽ 20 വരെ എണ്ണുക.
3. രാജം 20 മുതൽ 40 വരെ എണ്ണുക.
4. അമ്മാളു 40 മുതൽ 80 വരെ എണ്ണുക.
5. ഗോപി 80 മുതൽ 100 വരെ എണ്ണുക.
6. രാമൻ 47 മുതൽ 69 വരെ എണ്ണുക.
7. അപ്പു 53 മുതൽ 84 വരെ എണ്ണുക.

സ്ലേറ്റിൽ എഴുതുക.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 11 | 21 | 31 | 41 | 51 | 61 | 71 | 81 | 91 |
| 2 | 12 | 22 | 32 | 42 | 52 | 62 | 72 | 82 | 92 |
| 3 | 13 | 23 | 33 | 43 | 53 | 63 | 73 | 83 | 93 |
| 4 | 14 | 24 | 34 | 44 | 54 | 64 | 74 | 84 | 94 |
| 5 | 15 | 25 | 35 | 45 | 55 | 65 | 75 | 85 | 95 |
| 6 | 16 | 26 | 36 | 46 | 56 | 66 | 76 | 86 | 96 |
| 7 | 17 | 27 | 37 | 47 | 57 | 67 | 77 | 87 | 97 |
| 8 | 18 | 28 | 38 | 48 | 58 | 68 | 78 | 88 | 98 |
| 9 | 19 | 29 | 39 | 49 | 59 | 69 | 79 | 89 | 99 |
| 10 | 20 | 30 | 40 | 50 | 60 | 70 | 80 | 90 | 100 |

## അദ്ധ്യായം ൧.

### സങ്കലനം.

തങ്കത്തിന് 12 ഗോലിയും മേറിയ്ക്കു് 7 ഗോലിയും കൊടുപ്പാൻ ആകെ എത്ര ഗോലി വേണം?

12 ഗോലി + 7 ഗോലി = 10 ഗോലി + 2 ഗോലി + 7 ഗോലി = 10 ഗോലി + 9 ഗോലി = 19 ഗോലി.

### അഭ്യാസം 1.

1. ഒരു മേശയ്ക്കു് 8 ഉറുപ്പിക വില. ഒരു അല

മാറിയ്ക്കു് 11 ഉറുപ്പിക വില. എന്നാൽ രണ്ടിനും കൂടി വിലയെന്തു്?

2 അമ്മുവിന്റെ കൈയിൽ 6 പുളിങ്കുരുവും അമ്മാളുവിന്റെ കൈയിൽ 12 പുളിങ്കുരുവും ഉണ്ടു്. എന്നാൽ ആകെ അവരുടെ കൈയിലുള്ള പുളിങ്കുരു എത്ര?

3 ഒരു പ്ലാവിൽനിന്നു് 5 ചക്കയും വേറൊരു പ്ലാവിൽനിന്നു് 14 ചക്കയും ഇട്ടു. എന്നാൽ ആകെ ഇട്ട ചക്കയെത്ര?

4. ഒരു പെട്ടിയിൽ 4 ഉറുപ്പികയുണ്ടു്. അതിൽ 13 ഉറുപ്പിക കൂടി ഇട്ടാൽ, പെട്ടിയിൽ എത്ര ഉറുപ്പിക ഉണ്ടാകും?

<u>മാതൃകാചോദ്യം.</u> അപ്പുവിന്നു് 6 പഴം കിട്ടി. അമ്മുവിന്നു് 24 പഴം കിട്ടി. എന്നാൽ രണ്ടുപേൎക്കും കൂടി കിട്ടിയ പഴമെത്ര?

| | |
|---|---|
| അപ്പുവിന്നു് = 6 പഴം | $24 + 6 = 20 + 4 + 6 =$ |
| അമ്മുവിന്നു് = 24 പഴം | $20 + 10 = 30.$ |
| ∴ ആകെ = 30 പഴം | |

## അഭ്യാസം 2.

1. ഒരു കൊട്ടയിൽ 8 ചെറുനാരങ്ങയുണ്ടു്. വേറൊരു കൊട്ടയിൽ 22 ചെറുനാരങ്ങയുണ്ടു്. എന്നാൽ രണ്ടു കൊട്ടയിലും കൂടിയുള്ള ചെറുനാരങ്ങയെത്ര?

2 ഒരു ആടിന്നു 7 ഉറുപ്പിക വില. ഒരു പത്തു

വിന്നു് 33 ഉറുപ്പിക വില. എന്നാൽ രണ്ടിന്റെയും കൂടി വിലയെന്തു്?

3. ഒരു വളപ്പിൽ 3 പ്ലാവും 37 തെങ്ങും ഉണ്ടു്. എന്നാൽ ആകെ വളപ്പിലുള്ള വൃക്ഷങ്ങൾ എത്ര?

4. ഒരു പീടികയിൽ 44 മത്തനും 6 ഇളവനും ഉണ്ടു്. എന്നാൽ ആകെ പീടികയിലുള്ള സാധനങ്ങൾ എത്ര?

മാതൃകാചോദ്യം: രാമൻ 8 കല്ലു് പെറുക്കിക്കൊണ്ടുവന്നു. ലീല 27 കല്ലു് പെറുക്കിക്കൊണ്ടുവന്നു. എന്നാൽ രണ്ടു പേരും കൂടി പെറുക്കിക്കൊണ്ടുവന്ന കല്ലു് എത്ര?

| | |
|---|---|
| രാമൻ കൊണ്ടുവന്നതു് = 8 കല്ലു് | 8 = 3 + 5 |
| ലീല കൊണ്ടുവന്നതു് = 27 കല്ലു് | 27 + 8 = 27 + 3 + 5 |
| ∴ ആകെ കൊണ്ടുവന്നതു് = 35 കല്ലു് | = 30 + 5 = 35. |

## അഭ്യാസം 3.

1. ഒരു കൃഷിക്കാരനു് 5 പശുക്കളും 18 കാളകളും ഉണ്ടു്. എന്നാൽ അയാൾക്കു് ആകെ എത്ര മൃഗങ്ങൾ ഉണ്ടു്?

2. ഒരു ക്ലാസ്സിൽ 24 ആൺകുട്ടികളും 7 പെൺകുട്ടികളും ഉണ്ടു്. എന്നാൽ ആകെ ക്ലാസ്സിലുള്ള കുട്ടികൾ എത്ര?

3. ഒരു അലമാറിയിൽ 36 ഇംഗ്ലീഷുപുസ്തകവും 8 മലയാളപുസ്തകവും ഉണ്ടു്. എന്നാൽ ആകെ അലമാറിയിലുള്ള പുസ്തകമെത്ര?

4. അപ്പുവിന്റെ കൈയിൽ 57 കന്നിക്കുരുവും ഗോപിയുടെ കൈയിൽ 9 കന്നിക്കുരുവും ഉണ്ട്. എന്നാൽ ആകെ അവരുടെ കൈയിലുള്ള കന്നിക്കുരു എത്ര?

മാതൃകാചോദ്യം: ഒരു തൊടിയിൽ 7 തെങ്ങും 8 മാവും 9 പ്ലാവും ഉണ്ട്. എന്നാൽ ആകെ തൊടിയിലുള്ള വൃക്ഷങ്ങൾ എത്ര?

| | |
|---|---|
| തെങ്ങ് | - 7 |
| മാവ് | = 8 |
| പ്ലാവ് | - 9 |
| ∴ ആകെ വൃക്ഷങ്ങൾ | =24 |

9-ം 8-ം, 17 എന്ന് മനസ്സിൽ പറയുക. പിന്നെ 17-ം 7-ം, 24 എന്ന് മനസ്സിൽ പറഞ്ഞ് 24 എന്ന് ഉത്തരം എഴുതുക.

അഭ്യാസം 4.

1. ഒരു പീടികയിൽ 7 മത്തനും 9 ഇളവനും 6 ചക്കയും ഉണ്ട്. എന്നാൽ ആകെ പീടികയിലുള്ള സാധനങ്ങൾ എത്ര?

2. അമ്മ 8 ബിസ്കറ്റ് അപ്പുവിനും 6 ബിസ്കറ്റ് ഗോപിക്കും 9 ബിസ്കറ്റ് രാധയ്ക്കും കൊടുത്തു. എന്നാൽ ആകെ അമ്മ കൊടുത്ത ബിസ്കറ്റ് എത്ര?

3. ഒരു പരീക്ഷയിൽ ലീലയ്ക്ക് 6 മാർക്കും അമ്മുവിന് 8 മാർക്കും കമലത്തിന് 5 മാർക്കും കിട്ടി. എന്നാൽ അവർ മൂന്നു പേർക്കും കൂടി കിട്ടിയ മാർക്ക് എത്ര?

4. ഒരു വീട്ടിൽ 5 ചെമ്പുപാത്രവും 9 പിച്ചള

പ്പാത്രവും 4 ഓട്ടുപാത്രവും ഉണ്ട്. എന്നാൽ ആകെ ആ വീട്ടിലുള്ള പാത്രമെത്ര?

മാതൃകാചോദ്യം:— ഒരു വീട്ടിൽ 12 കുട്ടികളും 9 സ്ത്രീകളും 14 പുരുഷന്മാരും ഉണ്ട്. എന്നാൽ ആകെ ആ വീട്ടിലുള്ള ആളുകൾ എത്ര?

| | പത്ത് | ഒന്ന് |
|---|---|---|
| കുട്ടികൾ = | 1 | 2 |
| സ്ത്രീകൾ = | | 9 |
| പുരുഷന്മാർ = | 1 | 4 |
| ∴ ആകെ ആളുകൾ = | 3 | 5 |

12 = 1 പത്ത് + 2 ഒന്ന്
9 = + 9 ഒന്ന്
14 = 1 പത്ത് + 4 ഒന്ന്
∴ 12 + 9 + 14
= 2 പത്ത് + 15 ഒന്ന്
= 2 പത്ത് + 1 പത്ത് + 5 ഒന്ന്
= 3 പത്ത് + 5 ഒന്ന്
= 35

i. ഒറ്റകളെ കൂട്ടുമ്പോൾ 15 കിട്ടുന്നു. 15-ൽ ഒരു പത്തും 5 ഒറ്റയും ഉണ്ട്. 5-നെ ഒന്നിന്റെ സ്ഥാനത്ത് എഴുതുക. ബാക്കിയുള്ള ഒരു പത്തിനെ പത്തുകളോട് കൂട്ടുക.

ii. പത്തുകളെ കൂട്ടുമ്പോൾ 3 കിട്ടുന്നു. 3-നെ പത്തിന്റെ സ്ഥാനത്ത് എഴുതുക.

കുറിപ്പ്: ആദ്യം കള്ളികൾ വരച്ചും പിന്നീട് കള്ളികൾ വരയ്ക്കാതെയും ചെയ്യുവാൻ ശീലിപ്പിക്കണം.

## അദ്ധ്യായം 5.

1. ഒരു സദ്യയ്ക്ക് 27 പുരുഷന്മാരും 18 കുട്ടികളും 9 സ്ത്രീകളും ഉണ്ണുവാൻ ഉണ്ടായിരുന്നു. എന്നാൽ ആകെ സദ്യയ്ക്ക് ഉണ്ടായിരുന്നവർ എത്ര?

2. ഒരു പീടികയിൽ 18 ചാക്ക് നെല്ലും 35 ചാക്ക് അരിയും 12 ചാക്ക് പരിപ്പും ഉണ്ട്. എന്നാൽ ആകെ എത്ര ചാക്ക് സാമാനങ്ങൾ ഉണ്ട്?

3. ഒരു തൊഴുത്തിൽ 24 എരുമകളും 17 പശുക്കളും 30 ആടുകളും ഉണ്ട്. എന്നാൽ ആകെ തൊഴുത്തിലുള്ള മൃഗങ്ങൾ എത്ര?

4. ഒരു കുളത്തിൽ 26 ബ്രാഹ്മണരും 39 ശൂദ്രരും 14 അമ്പലവാസികളും കുളിച്ചുകൊണ്ടിരുന്നു. എന്നാൽ ആകെ കുളിച്ചുകൊണ്ടിരുന്ന ജനങ്ങൾ എത്ര?

## അദ്ധ്യായം 6.

1. 20 മുതൽ 50 വരെ ഈരണ്ടു വീതം കൂട്ടി മേല്പോട്ടു ചൊല്ലുക.
2. 45 മുതൽ 61 വരെ ഈരണ്ടു വീതം കൂട്ടി മേല്പോട്ടു ചൊല്ലുക.
3. 15 മുതൽ 70 വരെ അഞ്ചഞ്ചു വീതം കൂട്ടി മേല്പോട്ടു ചൊല്ലുക.
4. 30 മുതൽ 99 വരെ അഞ്ചഞ്ചു വീതം കൂട്ടി മേല്പോട്ടു ചൊല്ലുക.

## രണ്ടിന്റെ പട്ടിക.

| 1 മുതൽ 99 വരെ | | | | | 2 മുതൽ 100 വരെ | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 21 | 41 | 61 | 81 | 2 | 22 | 42 | 62 | 82 |
| 3 | 23 | 43 | 63 | 83 | 4 | 24 | 44 | 64 | 84 |
| 5 | 25 | 45 | 65 | 85 | 6 | 26 | 46 | 66 | 86 |
| 7 | 27 | 47 | 67 | 87 | 8 | 28 | 48 | 68 | 88 |
| 9 | 29 | 49 | 69 | 89 | 10 | 30 | 50 | 70 | 90 |
| 11 | 31 | 51 | 71 | 91 | 12 | 32 | 52 | 72 | 92 |
| 13 | 33 | 53 | 73 | 93 | 14 | 34 | 54 | 74 | 94 |
| 15 | 35 | 55 | 75 | 95 | 16 | 36 | 56 | 76 | 96 |
| 17 | 37 | 57 | 77 | 97 | 18 | 38 | 58 | 78 | 98 |
| 19 | 39 | 59 | 79 | 99 | 20 | 40 | 60 | 80 | 100 |

## അഞ്ചിന്റെ പട്ടിക.

| | | | |
|---|---|---|---|
| 5 | 30 | 55 | 80 |
| 10 | 35 | 60 | 85 |
| 15 | 40 | 65 | 90 |
| 20 | 45 | 70 | 95 |
| 25 | 50 | 75 | 100 |

## അദ്ധ്യായം ൨.

### വ്യവകലനം.

1. തങ്കം 2 മഞ്ചാടി എടുക്കുക കമലത്തിന്നു് അവയിൽനിന്നു് ഒന്നു കൊടുക്കുക. ഇപ്പോൾ കമലത്തിന്റെ കയ്യിൽ ബാക്കി എത്ര മഞ്ചാടിയുണ്ടു്?




2 — 1 = 1

2 മഞ്ചാടിയിൽനിന്നു് ഒരു മഞ്ചാടി കൊടുത്താൽ ബാക്കി ഒരു മഞ്ചാടി. 2 മഞ്ചാടി—1 മഞ്ചാടി = 1 മഞ്ചാടി.

—ഈ അടയാളത്തിനു "ന്യൂനചിഹ്നം" എന്നു പേർ.

2. അപ്പു 8 മഞ്ചാടി എടുക്കുക. അതിൽനിന്നു 5 എണ്ണം ഗോപിക്കു കൊടുക്കുക. അപ്പുവിന്റെ കയ്യിൽ ബാക്കി എത്ര മഞ്ചാടിയുണ്ടു്. 8 മഞ്ചാടി—5 മഞ്ചാടി=3 മഞ്ചാടി



8 — 5 = 3

3. ഒരാൾ 6 ആടുകളെ വാങ്ങി. പിന്നീടു് 4 ആടുകളെ വിററു. എന്നാൽ ബാക്കിയുള്ള ആടുകൾ എത്ര?

4-ഉം, 2-ഉം കൂട്ടിയാൽ 6 എന്നു് നിങ്ങൾക്കു് അറിയാം. അതിനാൽ 6 ആടുകളിൽനിന്നു് 4 ആടുകൾ വിററുപോയാൽ ബാക്കി 2 ആടുകൾ.

## അഭ്യാസം 1.

1. അമ്മ എനിക്ക് 2 ബിസ്കറ്റ് തന്നു. അവയിൽ ഒന്ന് ഞാൻ തിന്നു. ബാക്കി എന്റെ പക്കൽ എത്ര ബിസ്കറ്റുണ്ട്?

2. ഒരുവന്റെ കൈയിൽ 6 ഉറുപ്പികയുണ്ട്. അയാൾ അതിൽനിന്ന് 3 ഉറുപ്പിക കൊടുത്ത് ഒരു കസേല വാങ്ങി. എന്നാൽ ബാക്കിയുള്ള ഉറുപ്പിക എത്ര?

3 ഒരു കൊട്ടയിൽ 8 മാമ്പഴം ഉണ്ടായിരുന്നു. അതിൽ 4 എണ്ണം ചീഞ്ഞതായിരുന്നു. എന്നാൽ ചീത്തയാകാത്ത മാമ്പഴം എത്ര?

4. ഒരു വീട്ടിൽ 10 ചെമ്പുപാത്രങ്ങൾ ഉണ്ട്. അവയിൽ 6 എണ്ണം ചെറുതും ബാക്കി വലുതും ആകുന്നു. എന്നാൽ വലിയ പാത്രങ്ങൾ എത്ര?

5. ഞാൻ 12 ബിസ്കറ്റ് വാങ്ങി 3 എണ്ണം തങ്കത്തിനും ബാക്കി മേറിയ്ക്കും കൊടുത്തു. എന്നാൽ മേറിയ്ക്കു കൊടുത്തതെത്ര?

6. ഗോപിയുടെ കയ്യിൽ 15 ഗോലിയുണ്ട്. അവയിൽ 6 പളുങ്കു ഗോലിയും ബാക്കി ചുണ്ണാമ്പുഗോലിയും ആകുന്നു. എന്നാൽ ചുണ്ണാമ്പുഗോലിയെത്ര?

7. 16 കുട്ടികളുള്ള ഒരു ക്ലാസ്സിൽ 7 പേർ പെൺകുട്ടികളാകുന്നു. എന്നാൽ ആൺകുട്ടികൾ എത്ര?

8. ഒരു പാത്രത്തിൽ 15 ഇടങ്ങഴി പാൽ ഉണ്ട്. അതിൽനിന്നു 8 ഇടങ്ങഴി പാൽ കാപ്പിയ്ക്ക് എടുത്താൽ, പാത്രത്തിൽ ബാക്കി എത്ര പാൽ ഉണ്ടാകും?

9. അമ്മ 18 മാമ്പഴം പെറുക്കിക്കൊണ്ടുവന്നു. അതിൽ 10 എണ്ണം അണ്ണാൻ കടിച്ചതായിരുന്നു. എന്നാൽ അണ്ണാൻ കടിയ്ക്കാത്ത മാമ്പഴമെത്ര?

10 ഒരു പറമ്പിൽ 20 മാവുണ്ടു്. അതിൽ 12 എണ്ണം ഒരു കൊല്ലം പൂത്തു. എന്നാൽ അക്കൊല്ലം പൂക്കാത്ത മാവു് എത്ര?

മാതൃകാചോദ്യം: ഒരു കൊട്ടയിൽ 50 മാമ്പഴം ഉണ്ടായിരുന്നു. അതിൽ 30 എണ്ണം ചീഞ്ഞതായിരുന്നു. എന്നാൽ ചീത്തയാകാത്ത മാമ്പഴം എത്ര?

| | |
|---|---|
| ആകെ മാമ്പഴം = 50 | 50 = 5 പത്തു് |
| ചീഞ്ഞതു് = 30 | 30 = 3 പത്തു് |
| ∴ ചീത്തയാകാത്തതു് = 50−30 = 20 | 50−30 = 5 പത്തു് − 3 പത്തു് |
| | 2 പത്തു് |

അഭ്യാസം 2.

1. രാമന്റെ പക്കൽ 40 ഉറുപ്പികയുണ്ടായിരുന്നു. അതിൽ 20 ഉറുപ്പിക ചെലവുചെയ്തു. എന്നാൽ ബാക്കിയുള്ള ഉറുപ്പിക എത്ര?

2. തങ്കം 60 മാമ്പഴം പെറുക്കിക്കൊണ്ടുവന്നു. അതിൽ 30 എണ്ണം കാക്ക കൊത്തിയതായിരുന്നു. എന്നാൽ കാക്ക കൊത്താത്ത മാമ്പഴമെത്ര?

3. ഒരു പുസ്തകത്തിൽ 70 പുറമുണ്ടു്. അതിൽ 40 പുറം പഠിച്ചു തീർന്നു. എന്നാൽ ബാക്കിയുള്ള പുറം എത്ര?

4. ഒരു പ്ലാവിൽ 90 ചക്കയുണ്ടു്. അതിൽ

നിന്നു് 60 ചക്ക ഇട്ടാൽ ബാക്കി പ്ലാവിലുള്ള ചക്കയെത്ര?

<u>മാതൃകാചോദ്യം:</u> അമ്മ 75 ബിസ്കററു വാങ്ങി. അവയിൽനിന്നു് 30 ബിസ്കററു് അപ്പുവിനു് കൊടുത്തു. എന്നാൽ അമ്മയുടെ പക്കൽ ബാക്കിയുള്ള ബിസ്കററു് എത്ര?

| | | |
|---|---|---|
| വാങ്ങിയ ബിസ്കററു് = 75 | 75 | = 7 പത്തു് + 5 ഒന്നു് |
| കൊടുത്ത ബിസ്കററു് = 30 | 30 | = 3 പത്തു് |
| ∴ ബാക്കി ബിസ്കററു് = 45 | 75—30 | = 4 പത്തു് + 5 ഒന്നു് |

അഭ്യാസം 3.

1. ഒരു ക്ലാസ്സിൽ 59 കുട്ടികൾ ഉണ്ടു്. അവരിൽ 30 പേർ ആൺകുട്ടികളാകുന്നു. എന്നാൽ പെൺകുട്ടികൾ എത്ര?

2 ഒരു സദ്യക്കു് 48 ചക്ക വാങ്ങിച്ചു. അതിൽ 20 എണ്ണം പഴുത്തതായിരുന്നു. എന്നാൽ പച്ചച്ചക്കയെത്ര?

3. കാററത്തു് ഒരു മാവിൽനിന്നു് 67 മാങ്ങ വീണു. അതിൽ 40 എണ്ണം പച്ചയും ബാക്കി പഴുത്തതും ആയിരുന്നു. എന്നാൽ പഴുത്തതെത്ര?

4. ഒരു കാളയ്ക്കും ഒരു പശുവിനുംകൂടി 84 ഉറുപ്പിക വില. കാളയ്ക്കു തന്നെ 30 ഉറുപ്പിക വില. എന്നാൽ പശുവിന്റെ വിലയെത്രു്?

<u>മാതൃകാചോദ്യം:</u> സീതയും ലക്ഷ്മിയും കൂടി 45 മാമ്പഴം പെറുക്കി. സീത തന്നെ 25 മാമ്പഴമാണു് പെറുക്കിയതു്. എന്നാൽ ലക്ഷ്മി പെറുക്കിയ മാമ്പഴമെത്ര?

ആകെ പെറുക്കിയതു് = 45 മാമ്പഴം
സീത പെറുക്കിയതു് = 25 മാമ്പഴം
∴ ലക്ഷ്മി പെറുക്കിയതു് = 45 മാമ്പഴം
—25 മാമ്പഴം
= 20 മാമ്പഴം

45 = 4 പത്തു + 5 ഒന്നു
25 = 2 പത്തു + 5 ഒന്നു
45—25 = 2 പത്തു

## അഭ്യാസം 4.

1. അമ്മുവിനും അപ്പുവിനും കൂടി 64 മഞ്ചാടി കിട്ടി. അമ്മുവിനു തന്നെ 44 മഞ്ചാടി കിട്ടി. എന്നാൽ അപ്പുവിനു് കിട്ടിയതെത്ര?

2. ഒരു അലമാറിയ്ക്കും ഒരു മേശയ്ക്കും കൂടി 59 ഉറുപ്പിക വില. മേശയുടെ വില 19 ഉറുപ്പിക. എന്നാൽ അലമാറിയുടെ വിലയെന്തു്?

3. ഒരു ക്ലാസ്സിൽ 72 കുട്ടികൾ ഉണ്ടു്. അവരിൽ 32 പേർ പെൺകുട്ടികളാണു്. എന്നാൽ ആൺകുട്ടികൾ എത്ര?

4. ഒരു കൊട്ടയിൽ 85 മധുരനാരങ്ങയുണ്ടു്. അതിൽനിന്നു് 45 എണ്ണം എടുത്താൽ ബാക്കി എത്ര മധുരനാരങ്ങ ഉണ്ടാകും?

മാതൃകാചോദ്യം: ജാനുവിന്റെ കൈയിൽ 65 കന്നിക്കുരു ഉണ്ടായിരുന്നു. അതിൽനിന്നു് 23 എണ്ണം മേറിയ്ക്കു കൊടുത്തു. എന്നാൽ ബാക്കിയുള്ള കന്നിക്കുരു എത്ര?

ജാനുവിന്റെ കൈയിലുള്ളതു് = 65 കന്നിക്കുരു
മേറിയ്ക്കു കൊടുത്തതു് = 23 കന്നിക്കുരു
∴ ബാക്കി = 65 കന്നിക്കുരു
—23 കന്നിക്കുരു
= 42 കന്നിക്കുരു

65 = 6 പത്തു + 5 ഒന്നു
23 = 2 പത്തു + 3 ഒന്നു
65 — 23 = 4 പത്തു + 2 ഒന്നു

### അഭ്യാസം 5.

1. ഒരു പരീക്ഷയ്ക്കു് 69 കുട്ടികൾ പോയിരുന്നു. അവരിൽ 45 പേർ ജയിച്ചു. എന്നാൽ തോററവർ എത്ര?

2. ഒരു കൊട്ടയിൽ 78 മാങ്ങയുണ്ടു്. അവയിൽ 31 എണ്ണം പച്ചയും ബാക്കി പഴുത്തതും ആകുന്നു. എന്നാൽ പഴുത്തതെത്ര?

3. ഒരു എരുമയ്ക്കും ഒരു ആടിനും കൂടി 85 ഉറുപ്പിക വില. ആടിനുതന്നെ 23 ഉറുപ്പിക വില. എന്നാൽ എരുമയുടെ വിലയെന്തു്?

4. ഒരു കെട്ടിൽ 97 പപ്പടം ഉണ്ടായിരുന്നു. അതിൽനിന്നു് 65 എണ്ണം എടുത്തു കാച്ചിയാൽ, ബാക്കിയുള്ള പപ്പടം എത്ര?

### അഭ്യാസം 6.

1. 40 ൽനിന്നു് 20 വരെ ഓരോ എണ്ണം കുറച്ചു് ചൊല്ലുക.

2. 100-ൽനിന്നു് 75 വരെ ഓരോ എണ്ണം കുറച്ചു് ചൊല്ലുക.

3. 70_ൽനിന്നു് 50 വരെ രണ്ടു രണ്ടു വീതം കുറച്ചു് ചൊല്ലുക.

4. 50...ൽനിന്നു് 10 വരെ അഞ്ചു് അഞ്ചു വീതം കുറച്ചു ചൊല്ലുക.

5. 100_ൽനിന്നു് 20 വരെ പത്തു പത്തു വീതം കുറച്ചു ചൊല്ലുക.

# അദ്ധ്യായം ൯.

## ഗുണനം.






### അഭ്യാസം 1.

1. ഒരു പൈയ്ക്കു് ഒരു സ്ലേററു പെൻസിൽ 2 പൈയ്ക്കു് എത്ര സ്ലേററു പെൻസിൽ?

2. ഒരു മാങ്ങയ്ക്കു് ഒരു പൈ വില. എന്നാൽ 3 മാങ്ങയ്ക്കു വിലയെന്തു്?

3. കുട്ടി ഒന്നക്കു് ഒരു പഴം വീതം 4 കുട്ടികൾക്കു കൊടുപ്പാൻ എത്ര പഴം വേണ ?

4. ക്ലാസ്സു് ഒന്നിൽ ഒരു അദ്ധ്യാപകൻ വീതം 5 ക്ലാസ്സുകളിലേയ്ക്കു് എത്ര അദ്ധ്യാപകന്മാർ വേണം?

| | | |
|---|---|---|
|  |  | ഒരു പ്രാവശ്യം 1-1 |
|  |  | 2 പ്രാവശ്യം 1-2 |
|  |  | 3 പ്രാവശ്യം 1=3 |
|  |  | 4 പ്രാവശ്യം 1-4 |
|  |  | 5 പ്രാവശ്യം 1 5 |





## അഭ്യാസം 2

1. ഒരു സ്ലേറ്റിനു് 2 അണ വില. എന്നാൽ 2 സ്ലേറ്റിനു് വില എന്തു്?

2. ഒരു മേശയ്ക്കു് 2 വലിപ്പു്. എന്നാൽ 3 മേശയ്ക്കു് വലിപ്പു് എത്ര?

3. ഒരു മുറിയ്ക്കു് 2 വാതിൽ. എന്നാൽ 4 മുറിയ്ക്കു് വാതിലുകൾ എത്ര?

4. ഒരു ബെഞ്ചിനു് 2 ഉറുപ്പിക വില. എന്നാൽ 5 ബെഞ്ചിനു് വിലയെന്തു്?

| | | |
|---|---|---|
|  | ഒരു പ്രാവശ്യം 2 = 2 |  |
|  | 2 പ്രാവശ്യം 2 = 4 |  |
|  | 3 പ്രാവശ്യം 2 = 6 |  |
|  | 4 പ്രാവശ്യം 2 = 8 |  |
|  | 5 പ്രാവശ്യം 2 = 10 |  |

## അഭ്യാസം 3.





1. കുട്ടി ഒന്നുക്കു് 3 പഴം വീതം 2 കുട്ടികൾക്കു കൊടുപ്പാൻ എത്ര പഴം വേണം?





2. 3 പുളിങ്കുരു വീതം 3 സ്ഥലത്തു വെച്ചാൽ ആകെ എത്ര പുളിങ്കുരു ഉണ്ടാകും?

3. ഒരു പുസ്തകത്തിനു് 3 അണ വില. എന്നാൽ 4 പുസ്തകത്തിനു് വിലയെന്തു്?

4. ഒരു ബെഞ്ചിൽ 3 കുട്ടികൾക്കു് ഇരിക്കാം. എന്നാൽ 5 ബെഞ്ചിൽ ഇരിക്കാവുന്ന കുട്ടികൾ എത്ര?

---

| | | |
|---|---|---|
|  | ഒരു പ്രാവശ്യം<br>3 - 3 |  |
|  | 2 പ്രാവശ്യം<br>3 - 6 |  |
|  | 3 പ്രാവശ്യം<br>3 - 9 |  |

| | | |
|---|---|---|
|  | 4 പ്രാവശ്യം 3=12 |  |
|  | 5 പ്രാവശ്യം 3 = 15 |  |


## അദ്ധ്യായം 4.








1. കുട്ടി ഒന്നുക്കു് 4 ബിസ്കൂററു് വീതം 2 കുട്ടികൾക്കു കൊടുപ്പാൻ എത്ര ബിസ്കൂററു് വേണം?

2. ബെഞ്ചു് ഒന്നിൽ 4 കുട്ടികൾ വീതം 3 ബെഞ്ചിൽ എത്ര കുട്ടികൾക്കു് ഇരിയ്ക്കാം?

3 മേശ ഒന്നിനു് 4 ഉറുപ്പിക വീതം 4 മേശയുടെ വിലയെന്തു്?

4. വരിയൊന്നിൽ 4 കുട്ടികൾ വീതം 5 വരിയിലുള്ള കുട്ടികൾ എത്ര?

| | | |
|---|---|---|
|  | 1 പ്രാവശ്യം 4=4 |  |

| | | |
|---|---|---|
|  | 2 പ്രാവശ്യം 4 = 8 |  |
|  | 3 പ്രാവശ്യം 4 = 12 |  |
|  | 4 പ്രാവശ്യം 4 = 16 |  |
|  | 5 പ്രാവശ്യം 4 = 20 |  |










### അഭ്യാസം 5.

1. കുട്ടി ഒന്നുക്ക് 5 പഴം വീതം 2 കുട്ടികൾക്ക കൊടുപ്പാൻ എത്ര പഴം വേണം?

2. 5 തോലി വീതം 3 സ്ഥലത്തു വെച്ചിരുന്നാൽ ആകെ എത്ര തോലി ഉണ്ടാകും?

3. വരയൊന്നിൽ 5 മരങ്ങൾ വീതം 4 വരിയിലുള്ള മരങ്ങൾ എത്ര?

4. കസേല ഒന്നിന് 5 ഉറുപ്പിക വീതം 5 കസേലയുടെ വിലയെന്തു്?

| | | |
|---|---|---|
|  | ഒരു പ്രാവശ്യം 5 = 5 |  |
|  | രണ്ടു പ്രാവശ്യം 5=10 |  |
|  | മൂന്നു പ്രാവശ്യം 5=15 |  |
|  | നാലു പ്രാവശ്യം 5=20 |  |
|  | അഞ്ചു പ്രാവശ്യം 5 = 25 |  |

# അദ്ധ്യായം ൧൦

## 1 മുതൽ 100 വരെ എണ്ണങ്ങൾ

| | | | |
|---|---|---|---|
| 1 | ഒന്നു് | 25 | ഇരുപത്തഞ്ചു് |
| 2 | രണ്ടു് | 26 | ഇരുപത്താറു് |
| 3 | മൂന്നു് | 27 | ഇരുപത്തേഴു് |
| 4 | നാലു് | 28 | ഇരുപത്തെട്ടു് |
| 5 | അഞ്ചു് | 29 | ഇരുപത്തൊൻപതു് |
| 6 | ആറു് | 30 | മുപ്പതു് |
| 7 | ഏഴു് | 31 | മുപ്പത്തൊന്നു് |
| 8 | എട്ടു് | 32 | മുപ്പത്തിരണ്ടു് |
| 9 | ഒൻപതു് | 33 | മുപ്പത്തിമൂന്നു് |
| 10 | പത്തു് | 34 | മുപ്പത്തിനാലു് |
| 11 | പതിനൊന്നു് | 35 | മുപ്പത്തഞ്ചു് |
| 12 | പന്ത്രണ്ടു് | 36 | മുപ്പത്താറു് |
| 13 | പതിമൂന്നു് | 37 | മുപ്പത്തേഴു് |
| 14 | പതിനാലു് | 38 | മുപ്പത്തെട്ടു് |
| 15 | പതിനഞ്ചു് | 39 | മുപ്പത്തൊൻപതു് |
| 16 | പതിനാറു് | 40 | നാല്പതു് |
| 17 | പതിനേഴു് | 41 | നാല്പത്തൊന്നു് |
| 18 | പതിനെട്ടു് | 42 | നാല്പത്തിരണ്ടു് |
| 19 | പത്തൊൻപതു് | 43 | നാല്പത്തിമൂന്നു് |
| 20 | ഇരുപതു് | 44 | നാല്പത്തിനാലു് |
| 21 | ഇരുപത്തൊന്നു് | 45 | നാല്പത്തഞ്ചു് |
| 22 | ഇരുപത്തിരണ്ടു് | 46 | നാല്പത്താറു് |
| 23 | ഇരുപത്തിമൂന്നു് | 47 | നാല്പത്തേഴു് |
| 24 | ഇരുപത്തിനാലു് | 48 | നാല്പത്തെട്ടു് |

49 നാല്പത്തൊൻപതു്
50 അൻപതു്
51 അൻപത്തൊന്നു്
52 അൻപത്തിരണ്ടു്
53 അൻപത്തിമൂന്നു്
54 അൻപത്തിനാലു്
55 അൻപത്തഞ്ചു്
56 അൻപത്താറു്
57 അൻപത്തേഴു്
58 അൻപത്തെട്ടു്
59 അൻപത്തൊമ്പതു്
60 അറുപതു്
61 അറുപത്തൊന്നു്
62 അറുപത്തിരണ്ടു്
63 അറുപത്തിമൂന്നു്
64 അറുപത്തിനാലു്
65 അറുപത്തഞ്ചു്
66 അറുപത്താറു്
67 അറുപത്തേഴു്
68 അറുപത്തെട്ടു്
69 അറുപത്തൊൻപതു്
70 എഴുപതു്
71 എഴുപത്തൊന്നു്
72 എഴുപത്തിരണ്ടു്
73 എഴുപത്തിമൂന്നു്
74 എഴുപത്തിനാലു്
75 എഴുപത്തഞ്ചു്
76 എഴുപത്താറു്
77 എഴുപത്തേഴു്
78 എഴുപത്തെട്ടു്
79 എഴുപത്തൊൻപതു്
80 എൺപതു്
81 എൺപത്തൊന്നു്
82 എൺപത്തിരണ്ടു്
83 എൺപത്തിമൂന്നു്
84 എൺപത്തിനാലു്
85 എൺപത്തഞ്ചു്
86 എൺപത്താറു്
87 എൺപത്തേഴു്
88 എൺപത്തെട്ടു്
89 എൺപത്തൊൻപതു്
90 തൊണ്ണൂറു്
91 തൊണ്ണൂറ്റൊന്നു്
92 തൊണ്ണൂറ്റിരണ്ടു്
93 തൊണ്ണൂറ്റിമൂന്നു്
94 തൊണ്ണൂറ്റിനാലു്
95 തൊണ്ണൂറ്റഞ്ചു്
96 തൊണ്ണൂറ്റാറു്
97 തൊണ്ണൂറ്റേഴു്
98 തൊണ്ണൂറ്റെട്ടു്
99 തൊണ്ണൂറ്റൊൻപതു്
100 നൂറു്

ഒരു സംഖ്യയെ അക്ഷരത്തിലും അക്കത്തിലും എഴുതാവുന്നതാണ്.

<u>ഉദാഹരണം:</u>— ഇരുപത്തിമൂന്ന്, അൻപത്താറ്, തൊണ്ണൂറെറട്ട് എന്നു് അക്ഷരത്തിലും 23, 56, 98 എന്നു് അക്കത്തിലും എഴുതുന്നു.

അഭ്യാസം 1.

1. അക്ഷരത്തിൽ എഴുതുക:—

27; 35; 64; 73; 80; 95

2. അക്കത്തിൽ എഴുതുക:—

മുപ്പത്തിനാലു്.
അറുപത്തേഴ്.
എൺപത്തിരണ്ടു്.
തൊണ്ണൂറ്.

---

## അദ്ധ്യായം ൧൦.

---

### ചോദ്യക്കടലാസ്സുകഠ.

I

1. 10 മുതൽ 100 വരെ പത്തു പത്തു വീതം കൂട്ടി എഴുതുക.

2. അക്കത്തിൽ എഴുതുക:—

മുപ്പത്തെട്ടു്; അൻപതു്; എഴുപത്തിരണ്ടു്; തൊണ്ണൂറ്.

3. ഒരു ക്ലാസ്സിൽ 30 ആൺകുട്ടികളും 20 പെൺകുട്ടികളും ഉണ്ടു്. എന്നാൽ ആകെ ക്ലാസ്സിലുള്ള കുട്ടികഠ എത്ര?

4. കുട്ടി ഒന്നുക്കു് 3 പഴം വീതം 4 കുട്ടികൾക്കു കൊടുപ്പാൻ എത്ര പഴം വേണം?

5. ഒരു സഞ്ചിയിൽ 20 കുന്നിക്കുരു ഉണ്ടു്. അതിൽനിന്നു് 14 എണ്ണം എടുത്താൽ, സഞ്ചിയിൽ ബാക്കി എത്രയുണ്ടാകും?

6 ഒരു പറമ്പിൽ 25 തെങ്ങും 16 മാവും 8 കവുങ്ങും 13 പ്ലാവും ഉണ്ടു്. എന്നാൽ ആകെ പറമ്പിലുള്ള വൃക്ഷങ്ങൾ എത്ര?

7 ഒരു പെട്ടിയിൽ 28 ഉറുപ്പികയുണ്ടു്. അതിൽ 7 ഉറുപ്പിക കൂടി ഇട്ടാൽ, പെട്ടിയിൽ ആകെ എത്ര ഉറുപ്പിക ഉണ്ടാകും ?

8 മുപ്പത്തഞ്ചു മുതൽ അറുപത്തെഴുവരെ രണ്ടു രണ്ടു വീതം കൂട്ടി എഴുതുക.

9 ഒരു കൊട്ടയിൽ 67 മാമ്പഴം ഉണ്ടായിരുന്നു അവയിൽ 14 എണ്ണം കേടുവന്നതായിരുന്നു. എന്നാൽ കേടുവരാത്ത മാമ്പഴമെത്ര?

II

1. അക്ഷരത്തിൽ എഴുതുക:

36; 45; 73; 81; 99.

2 ഒരു പീടികയിൽ 18 ചാക്കു് അരിയും 13 ചാക്കു് ഉഴുന്നും 20 ചാക്കു പരിപ്പും 27 ചാക്കു് നെല്ലു ഉണ്ടു്. എന്നാൽ ആകെ എത്ര ചാക്കു് സാമാനങ്ങൾ ഉണ്ടു്?

3. ഗോപിനാഥൻ 85 ഉറുപ്പികയും കൊണ്ടു് ചന്തയ്ക്കു പോയി. 52 ഉറുപ്പിക കൊടുത്തു് ഒരു പശു

വിനൊ വാങ്ങി. ബാക്കി അയാളുടെ കയ്യിലുള്ള ഉറുപ്പികയെത്ര?

4. പുസ്തകം ഒന്നിന്നു് 4 അണ വീതം 5 പുസ്തകത്തിന്റെ വിലയെന്തു്?

5. ഒരു മാവിൽനിന്നു് 20 മാങ്ങ എറിഞ്ഞു വീഴ്ത്തി. അതിൽ 8 എണ്ണം തഞ്ഞുപൊട്ടി. എന്നാൽ തഞ്ഞുപൊട്ടാത്ത മാങ്ങയെത്ര?

6. ഒരു മാല കെട്ടുവാൻ 100 മുല്ലമൊട്ടു വേണം. കൈയിൽ 70 മുല്ലമൊട്ടു മാത്രമേ ഉള്ളു. എന്നാൽ പോരാതെ വന്ന മുല്ലമൊട്ടു് എത്ര?

7. ഒരു മേശയുടെ വില 15 ഉറുപ്പിക. ഒരു കസാലയുടെ വില 8 ഉറുപ്പിക. എന്നാൽ രണ്ടിനും കൂടി വിലയെന്തു്?

8. അറുപതിൽനിന്നു് മുപ്പതുവരെ രണ്ടു രണ്ടു വീതം കുറച്ചു് എഴുതുക.

9. (1) $9 + 6 + 3 = ?$ (2) $10 + 4 + 8 = ?$ (3) $17 + 3 + 6 = ?$

Vidya Vinodini Press, Trichur

NUSAVIRUL IS... HIGH ...
Date
ERNAKULAM. • COCH...